Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 16 Vol. 01 April 2023




64-മത് സംസ്ഥാന സമ്മേളനം ഗതാഗത വകുപ്പ് മന്ത്രി
ശ്രീ. ആന്റണി രാജു തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്നു




സംസ്ഥാന കമ്മിറ്റി ഓഫീസ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി
ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു





# കെ.ജി.പി.എ. സംസ്ഥാന ഭാരവാഹികൾ 2022



**എസ്. വിജയകുമാർ**
പ്രസിഡന്റ്



**മനോജ് കുമാർ എം.എസ്.**
ജനറൽ സെക്രട്ടറി



**മനോജ് എം.കെ.**
ട്രഷറർ



**അനിത ഡി.എൻ.**
വൈസ് പ്രസിഡന്റ്



**രാജേഷ് കുമാർ എസ്.**
വൈസ് പ്രസിഡന്റ്



**കെ.ടി. സദാനന്ദൻ**
വൈസ് പ്രസിഡന്റ്



**മണികണ്ഠൻ എം.വി.**
സെക്രട്ടറി



**അഭിലാഷ് ജയറാം**
സെക്രട്ടറി



**സരസ്വതി കെ.**
സെക്രട്ടറി



**മനോജ് ടി.ജി.**
ഫാർമസ് ബുള്ളറ്റിൻ എഡിറ്റർ



**രൂപേഷ് കെ.**
ഓഫീസ് സെക്രട്ടറി



Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 16 Vol. 01 April 2023

Managing Editor :
**S. VIJAYAKUMAR**

Printer & Publisher :
**M. S. MANOJ KUMAR**

Editor:
**MANOJ T. G.**
E-mail: manojpmst@gmail.com
Ph: 9747594837

Editorial Board:

**K. SARASWATHY**

**ABHILASH JAYARAM**

**D. N. ANITHA**

**M. K. MANOJ**

**K. P. SAJEER**

**S. RAJESH KUMAR**

**K. T. SADANANDAN**

Layout & Printing
**Alwaye Press, Aluva**
0484-2623318

## ഉള്ളടക്കം


- എഡിറ്റോറിയൽ — 02
  മനോജ് ടി.ജി.
- സംഘടനയും സമകാലികവും — 03
  എസ്. വിജയകുമാർ (പ്രസിഡന്റ്)
- ഫാർമാട്രിക്സ് - ശ്രീകുമാർ ആലപ്പുഴ — 04
- ഫാർമസിസ്റ്റുകൾ അവഗണനയുടെ ഇരകൾ — 05
  മനോജ്കുമാർ എം.എസ്. (ജനറൽ സെക്രട്ടറി)
- സംസ്ഥാന സമ്മേളനം റിപ്പോർട്ട് — 07
  മനോജ് തൈത്തറ
- ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പ് 2022 ഒരു വിവരണം — 10
  സരസ്വതി. കെ
- ഫാർമസിസ്റ്റ് ദിനാചരണവും റാലിയും നടത്തി — 13
  എം കെ പ്രേമാനന്ദൻ
- History of Global Pandemics Pre-20th Century — 14
  Dr. Divine P Daniel
- നിവേദനങ്ങൾ — 16
- ജില്ലാ വാർത്തകൾ — 18
- കെ.പി. വർക്കി സമാരാധ്യനായ നേതാവ്
  ഇ.വി. രാജേന്ദ്രൻ
- DHS ധർണ - മനോജ് എം.കെ. — 21
- വെളിപാട് (കഥ) - സജീർ കെ പി — 22
- ഓർമ്മകൾ (കവിത) - ശ്രീലേഷ് പി. — 24
- സ്വപ്നം (കവിത) - സംഗീത രാജേഷ് — 24


www.kgpa.co.in

# എഡിറ്റോറിയൽ

**മനോജ് ടി. ജി.**
എഡിറ്റർ



**ഫാ**ർമസി ബുള്ളറ്റിൻ ചെറിയ ഇടവേളയ്ക്കുശേഷം വീണ്ടും വെളിച്ചം കാണുകയാണ്. പുസ്തകങ്ങൾ എത്തപ്പെടുന്നുണ്ട് എന്ന ഉറപ്പിലാണ് പ്രസിദ്ധീകരണം നടക്കേണ്ടത്. മുഖപത്രം എന്ന ലേബലിൽ സർക്കാർ സ്ഥാപനത്തിന്റെ ഫാർമസിസ്റ്റ് മേശപ്പുറത്ത് കൃത്യമായി ഇത് എത്തുകയും സംഘടനാ വാർത്തകൾ കൃത്യമായി വായിച്ച് മനസ്സിലാക്കുകയും ചെയ്യണം. സംഘടനാവേദിയിലേക്ക് എത്തിനോക്കാത്ത സാധാരണ പ്രവർത്തകർ നിലപാടുകളെയും നേട്ടങ്ങളെയും പ്രവർത്തനരീതിയെയും മനസ്സിലാക്കാൻ വാക്കുകൾ ഉപയോഗപ്പെടുത്തട്ടെ. ഓരോ ഫാർമസിസ്റ്റും മറിച്ചു നോക്കി കരുതൽ ശേഖരത്തിലേക്ക് നീക്കിവെക്കുന്ന ഒന്നായി ബുള്ളറ്റിൻ മാറണം. റഫറൻസ് എന്ന ശ്രേണിയിൽ അലമാരകളിൽ ഇവ അട്ടിയിടപ്പെടട്ടെ. വലിയ തുക മുതൽ മുടക്കി മുഖപത്രം പ്രസിദ്ധീകരിക്കുന്ന കെ.ജി.പി.എ. വായിക്കൻ നേരമില്ലാത്ത തിരക്കുകളിൽ നിന്ന് ഒരല്പസമയം വാർത്തകളിലേക്ക് കണ്ണോടിക്കാൻ മാറ്റിവെച്ചാൽ നിലപാടുകൾ കൃത്യമായി നിർണ്ണയിക്കാൻ നിങ്ങൾക്ക് ആവും.

തിരുവനന്തപുരം സമ്മേളനത്തെ വിലയിരുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ഒരുപാടു സംഭവങ്ങൾ നമുക്കിടയിൽ നടന്നുകൊണ്ടിരിക്കുന്നു. കൂടുതൽ FHC കൾ നിലവിൽ വന്നു. മരുന്ന് വിതരണങ്ങൾ കുറ്റമറ്റതാക്കാൻ ഇനിയും കഴിയുന്നുമില്ല. അതിദരിദ്രരെ കണ്ടെത്തി അവർക്കായ് സേവനപാത വിരിച്ചിട്ടുണ്ട് പുതിയതായി. ജീവിതശൈലീരോഗികൾക്ക് മരുന്നുകൾ പ്രാദേശിക സബ്സെന്റർ വഴി വിതരണം നടത്താൻ ഫാർമസി നിയമങ്ങൾ ലംഘിക്കപ്പെട്ടാലും കുഴപ്പമില്ല എന്ന ചിന്തയിൽ അല്ല മുന്നോട്ട് പോവേണ്ടത്. അനുദിനം വികസിക്കുന്ന ആരോഗ്യസർവ്വീസ് രംഗത്ത് ആവശ്യം വേണ്ട തസ്തിക നിർണ്ണയിക്കുമ്പോൾ ഫാർമസിസ്റ്റുകൾ പടിക്ക് പുറത്ത് പോവണമോ?

ഫാർമസി നിയമങ്ങൾ പരിഷ്ക്കരിക്കുന്ന കമ്മറ്റിയിലേക്ക് വേണ്ട നിർദ്ദേശങ്ങളുമായി നമുക്ക് എത്താൻ സാധിച്ചിട്ടുണ്ട്. പരിഷ്ക്കരിക്കപ്പെടണം, അതിന്റെ അർത്ഥം ഒഴിവാക്കൽ എന്നാകരുത് എന്ന ജാഗ്രത നാം പുലർത്തണം.

DHS ധർണ്ണ സമീപകാലത്ത് സംഘടന നടത്തിയ വലിയ ചുവടുവെയ്പ്പായിരുന്നു. സെക്രട്ടറിയേറ്റ് മാർച്ചിന് ശേഷം സംഘടന സമരരംഗത്ത് ഇറങ്ങിയത് പൊതുസമൂഹത്തിന്റെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി കൂടിയാണ്. അർഹതയില്ലാത്ത കൈകളിലൂടെ ഔഷധങ്ങൾ സാധാരണക്കാർക്ക് ലഭിച്ചാലുണ്ടാകുന്ന ദുരന്തങ്ങളെ മുൻകൂട്ടി സമൂഹത്തിന് വിളിച്ചു പറയാൻ നമുക്ക് അമാന്തിക്കേണ്ട കാര്യമില്ല. ഈ സമരം അടയാളപ്പെടുത്തേണ്ടത് നമ്മൾ ആർക്കുവേണ്ടി നിലകൊണ്ടു എന്നതിനെപ്പറ്റി മാത്രമാണ്. സ്വന്തം കടമകൾ നിർവ്വഹിക്കുമ്പോഴും ഉത്തരവാദിത്വപ്പെട്ട ഒരു മനസ് ഫാർമസിസ്റ്റുകളിൽനിന്ന് അടർന്നു പോവുന്നില്ല.

കേരളത്തിലെ അതിദരിദ്രരെ കണ്ടെത്താൻ സർക്കാർ കുടുംബശ്രീ വഴി സർവ്വേ നടത്തിയിരുന്നു. വിവിധ മാനദണ്ഡങ്ങളിൽ വഴി കണ്ടെത്തിയവരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് അവർക്ക് പാർപ്പിടം, ഔഷധങ്ങൾ, ഭക്ഷണം എന്നിവ ഉറപ്പു വരുത്തുന്ന പദ്ധതിയാണിത്. പാലിയേറ്റീവ് പരിപാടി പോലെ ഫാർമസികളിൽനിന്ന് ഇവർക്കായി മരുന്ന് വിതരണം വർഷം തോറും നടത്താൻ സർക്കാർ ശ്രമിക്കുകയാണ്. ഈ സർക്കാരിന്റെ ആദ്യമന്ത്രിസഭാ യോഗത്തിലെ തീരുമാനമായിരുന്നു ഈ പദ്ധതി.

# സംഘടനയും സമകാലികവും



**എസ്. വിജയകുമാർ**
പ്രസിഡന്റ്

**നി**വേദനങ്ങൾ നൽകി നിശ്ശബ്ദരാവുന്നു എന്ന ആക്ഷേപങ്ങൾക്കിടയിലാണ് നമ്മുടെ സംഘടനാ പ്രവർത്തനത്തിന്റെ നാൾവഴികൾ മുന്നോട്ട് നടക്കുന്നത്.

അവസാനം ചേർന്ന സംസ്ഥാന സെക്രട്ടേറിയറ്റ് തീരുമാനിച്ചത് ഒന്നിനു പുറകെ ഒന്നായി വരുന്ന പ്രശ്നങ്ങളിൽ അഭിപ്രായം പറയുക... ഏറ്റെടുക്കുക... എന്നതിനേക്കാൾ ഏറ്റെടുക്കപ്പെട്ട പ്രവർത്തനങ്ങളെ ഗുണപരമായി പര്യവസാനിപ്പിക്കുക എന്ന തലത്തിൽ മുന്നോട്ട് പോവാനാണ്.

PSK യുടെ പേരുമാറ്റം എത്രത്തോളം വിലപ്പെട്ടതാണ് നമുക്കെന്ന് എല്ലാവർക്കും അറിയാം. അതിനായി സംഘടന ഇടപെടാൻ തുടങ്ങിയിട്ട് വർഷങ്ങളായി. സെക്രട്ടേറിയറ്റിൽനിന്ന് അത് അനുവദിക്കാം എന്ന് പറഞ്ഞാലും അതിനു വേണ്ട ശുപാർശയോടെ ഫയൽ DHS ൽ നിന്ന് ചലിക്കുന്നില്ല. നമ്മുടെ ആവശ്യങ്ങളുടെമേൽ അടയിരിക്കുന്ന ഒരു വിഭാഗം എവിടെയൊക്കെയോ നമുക്കെതിരായി നിലകൊള്ളുന്നുണ്ട്. നിർഭാഗ്യവശാൽ അത് നമ്മുടെ തസ് തികയുടെ വരികളിൽ തന്നെയുള്ളവരാവാം എന്ന സത്യം എത്രപേർക്ക് അറിയാം.

വകുപ്പിലെ മിക്ക കാറ്റഗറികൾക്കും സ്ഥാനപ്പേര് സാമ്പത്തിക ചിലവില്ലാതെ മാറ്റി നൽകിയപ്പോൾ നടന്ന് ക്ഷീണിക്കണം ഇവർ എന്ന ധാരണയോടെ പ്രവർത്തിക്കുന്നവരെ തിരിച്ചറിയുന്നു എന്നിടത്താണ് സംഘടനയോട് ഉള്ള ചോദ്യങ്ങൾ വേവാതെപോവുന്നത്.

ഒരു കാറ്റഗറി സംഘടനയ്ക്ക് പരിമിതികൾ ഉണ്ട്. രാഷ്ട്രീയ കക്ഷിയുടെ കൊടിമരചുവട്ടിൽ നമ്മൾ അന്തിയുറങ്ങുന്നില്ല. പക്ഷെ വേണ്ട കാര്യങ്ങൾ ഉണർത്തിക്കാനും... ചൂണ്ടിക്കാണിക്കാനും ഒരുവേള കോടതിയെ സമീപിക്കാനും നമുക്കാവും. എങ്കിലും നീതി എന്ന നാമം നമുക്ക് നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന് കാരണക്കാരെ നാം തിരഞ്ഞുകൊണ്ടിരിക്കുക.

മരുന്നുകൾ സമയാസമയങ്ങളിൽ കൃത്യമായി വിതരണം നടത്താതെ KMSCL കേരളത്തെ പൊറുതിമുട്ടിച്ചത് ഏതാനും മാസങ്ങൾക്ക് മുൻപാണ്. ആ സമയത്ത് മാനസികമായി വലിയ വിഷമതകൾ അനുഭവിച്ചത് നമ്മൾ ഫാർമസിസ്റ്റുകൾ ആയിരുന്നു. ആശുപത്രിയിലെ മരുന്ന് മേഖലയിലെ അവസാനകണ്ണിയെ ചീത്തവിളിച്ച് രോഷം തീർക്കുന്ന രോഗികളുടെ ഇരയായി നമ്മൾ കേരളത്തിൽ മാറി.

പൊതുവിപണിയിൽ നിന്ന് പദ്ധതികൾ വഴി വിലകൂടിയ മരുന്നുകൾ വാങ്ങി അതിന്റെ കണക്ക് ഒഴിച്ചുതീരാത്ത നിരവധിപേർ ഇപ്പോഴും സ്ഥാപനങ്ങളിൽ ഉണ്ട്.

ആ തുക KMSCL ന് ഫൈനാൻഷ്യൽ ക്യാഷായി നൽകിയാൽ നന്ന്. പക്ഷെ ഈ വർഷം പോലെ അവർ മരുന്ന് മേഖല

കൈകാര്യം ചെയ്താൽ ഇതിലും പ്രയോജനം കിട്ടാൻ പോവുന്നില്ല.

കാരുണ്യ വഴി ലഭിക്കുന്ന മരുന്നുകൾക്ക് കുറച്ചുകൂടി വേഗത കൈവന്നിട്ടുണ്ട് എന്നതാണ് പുതിയ കാര്യം. കൈകാര്യം ചെയ്യാൻ പറ്റാത്ത അത്ര വിനിമയങ്ങൾ എന്തിനാണ് ഒരിടത്ത് മാത്രം കേന്ദ്രീകരിക്കുന്നത് എന്നതിന് ബദലായി വന്ന ഉത്തരവുകളിൽ തൂങ്ങി ഫാർമസിസ്റ്റുകൾ സമൂഹത്തിൽ മാന്യന്മാരായി തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. ബദൽ മാർഗ്ഗത്തെ പരിഗണിച്ചതിന് നന്ദി.

മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ഇനിയും സമ്മർദ്ദങ്ങൾ നമ്മൾ തുടർന്നുകൊണ്ടിരിക്കണം. പൂർത്തിയാവാത്ത പ്രവർത്തനങ്ങൾ പൂർണ്ണിമയിൽ എത്തണമെങ്കിൽ ശ്രമങ്ങൾക്കപ്പുറം 'തരില്ല' എന്ന തരത്തിലുള്ളവരുടെ മനോഭാവങ്ങൾ കൂടി മാറണം.

രാഷ്ട്രീയമായി ഒരു കാറ്റഗറിയെ തകർക്കാനും അതിന്റെ വഴികളിൽ വിലങ്ങ് തീർക്കാനും നടക്കുന്നവർ ഒന്ന് മനസ്സിലാക്കുക. KGPA എന്ന സംഘടനയ്ക്ക് പണം നൽകുകയും പിന്തുണയ്ക്കുകയും ചെയ്യുന്നവർ ഒരേസമയം വലിയ പൊതുസംഘടനകൾക്കും പണം നൽകുന്നുണ്ട്. പരിപാടികളിൽ പങ്കാളികൾ ആവുന്നുണ്ട്. അവരുടെ ചോദ്യങ്ങൾക്ക് എന്ത് മറുപടിയാണ്, ചില ഉറപ്പുകൾ അല്ലാതെ, പരിഗണിക്കാം എന്ന ഒഴുക്കൻ ചിരിയല്ലാതെ ചിലർക്ക് നൽകാൻ പറ്റിയിട്ടുള്ളത്?

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പതിനായിരത്തോളം തസ്തികകൾ ഉണ്ടാക്കി എന്ന സത്യത്തെ അംഗീകരിക്കുന്നു. പക്ഷെ അതിൽ ഫാർമസിസ്റ്റുകൾ എത്രയെണ്ണം വന്നിട്ടുണ്ട്. MLSP എന്ന കേന്ദ്രാവിഷ്കൃത തസ്തികയിൽ ഇന്ന് FHC കളിൽ ആളുപെരുകി പല PSC തസ്തികകളും സുഖവാസത്തിലാണ്. പദ്ധതികൾ വഴി കോടികൾ ആരോഗ്യകേന്ദ്രത്തെ സമ്പന്നമാക്കുമ്പോഴും മനഃസമാധാനത്തോടെ വീട്ടിൽ പോവാൻ പറ്റാത്ത ഫാർമസി മേഖലയിലുള്ളവർക്ക് കനത്ത സമ്മർദ്ദവുമായി വിഷമിക്കുമ്പോഴും ചോദ്യങ്ങളെ നേരിടേണ്ടത് ഉറപ്പുകളിൽ മാത്രമല്ല, ആവശ്യങ്ങളോട് അനുകൂലമായി ചിന്തിച്ചുംകൊണ്ടാവണം...

## ഫാർമാട്രിക്സ്

**ശ്രീകുമാർ ആലപ്പുഴ**





# ഫാർമസിസ്റ്റുകൾ അവഗണനയുടെ ഇരകൾ

**മനോജ്കുമാർ എം.എസ്.**
ജനറൽ സെക്രട്ടറി

സമാന്തര സംവിധാനങ്ങളിലൂടെ ഗവ. സ്ഥാപനം പുനഃക്രമീകരിക്കാനുള്ള ശ്രമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പലപ്പോഴും ആശയങ്ങളായി രൂപം എടുത്തിട്ടുണ്ട്. NRHM മുഖേനയും LSGA പദ്ധതി വഴിയും തുടർന്ന് ആർദ്രം കാഴ്ചപ്പാടിലും ഗവ. ആശുപത്രികൾ വികസിച്ചപ്പോൾ KMSCL വഴി മരുന്നുകൾ കൃത്യമായി എത്തിച്ചേരാൻ തുടങ്ങിയപ്പോഴൊക്കെ തിരക്കിൽ നീന്തുന്ന ഒന്നായി അർബൻ-റൂറൽ മേഖലയിലെ സർക്കാർ ആശുപത്രികൾ മാറി എന്ന സത്യം മനസ്സിലാക്കി കൂടുതൽ തിരക്കും, ശ്രദ്ധയും വേണ്ട മേഖലയിൽ കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തുക എന്ന പ്രാഥമിക തത്വം എവിടെയോ കൈമോശം വന്നു എന്ന അവസ്ഥയിലാണ് ഫാർമസി മേഖല.

നിലവിലെ സാഹചര്യത്തിൽ എല്ലാ പഞ്ചായത്തുകളിലും, FHC കളും മേലെ CHC കളും ഉള്ളപ്പോഴും ജീവിതശൈലി രോഗ തലസ്ഥാനമായ കേരളത്തിൽ രോഗികൾ വരിനിന്ന് വലയുന്നു എന്നത് യാഥാർത്ഥ്യമാണ്. അതിനിടയിലാണ് ഉത്തരേന്ത്യൻ ഗ്രാമീണശൈലിയെ ഇവിടെയും പറിച്ച് നടാൻ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീകരണം നടക്കുന്നത്. അതിന് മുമ്പെതന്നെ മരുന്ന് വിതരണം താഴെ തട്ടിൽ ഏർപ്പെടുത്തുക എന്ന ചിന്തയിൽ നിലവിലുള്ള വ്യവസ്ഥകളും നിയമങ്ങളും ഭേദഗതികൾക്കായി ഭരണവർഗ്ഗം ഗൂഢാലോചന നടത്തിയിരുന്നു എന്ന് ഇന്ന് വ്യക്തമാണ്.

ആരോഗ്യരംഗത്ത് യൂറോപ്യൻ നിലവാരം ഉയർത്തിപ്പിടിക്കുന്നു എന്ന് സ്വയം അവകാശപ്പെടുന്ന നമ്മൾ എന്തുകൊണ്ടോ മരുന്നുകൾ ആരായാലും നൽകിയാൽ മതി എന്ന കാഴ്ചപ്പാടിൽ പിറകിലോട്ട് നടക്കുകയല്ല ഓടുകതന്നെയാണ്.

ആശാവർക്കർമാരും മറ്റ് ഫീൽഡ് വർക്കർമാരും പിന്നെ MLSP നേഴ്സുമാരും ചേർന്ന് സബ് സെന്ററുകൾ ഒരു മിനി ആശുപത്രിയാക്കി മാറ്റാൻ ശ്രമം നടക്കുന്നുണ്ട്. താഴെ തട്ടിൽ മരുന്നും, സേവനങ്ങളും, ചികിത്സയും എത്തുന്നു എന്നത് ജനോപകാരപ്രദമാണ്; നല്ലതുമാണ്. പക്ഷെ അതിന്റെ വഴികളിൽ അനിവാര്യതസ്തികയായ ഡോക്ടറും, ഫാർമസിസ്റ്റും ഒഴിവാക്കപ്പെടുന്നു എന്നത് ലജ്ജാകരമാണ്.

ആശയങ്ങളും ഉത്തരവാദിത്വങ്ങളും എണ്ണിയാൽ ഒടുങ്ങാത്തയത്ര പേപ്പറിൽ വിശ്രമിക്കുമ്പോഴും ഇപ്പോൾ വന്ന പുതിയ നിർദ്ദേശങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമാണോ? ഗുണനിലവാരമുള്ള ചികിത്സ എന്നത് ജനങ്ങളുടെ അവകാശമാണ്. പകരക്കാരെ വച്ച് പരിഹരിക്കേണ്ട ഒന്നാണോ കേരളത്തിലെ രോഗ ചികിത്സാരീതികൾ.

കേരളത്തിലെ ആരോഗ്യവകുപ്പിലെ പ്രധാന സംഘടനകളായ KGMOA, KGPA എന്നിവരെ ഒഴിവാക്കി ഒരു പ്രധാന വിഷയത്തിൽ നിലപാടുമായി മുന്നോട്ട് പോവുമ്പോൾ ചികിത്സ, മരുന്ന് വിതരണം എന്നിവയിൽ വേണ്ടത്ര അവബോധം ഗുണമേന്മ ഉറപ്പുവരുത്താൻ അധികാരികൾ ശ്രമിക്കുന്നില്ല എന്ന നില വരുന്നു.

MLSP എന്ന പേരിൽ നിയമിക്കപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിന് മേലെയായി NHM ശമ്പളം പറ്റിക്കൊണ്ട് ഒരു വിഭാഗം വെറുതെയിരിക്കുന്നു. അവർക്കായി ജോലി നിജപ്പെടുത്തുന്നത് അവരെ ഫാർമസിസ്റ്റും, ഡോക്ടറും, ആക്കിക്കൊണ്ടാണോ...

കേരളത്തിലെ ഗവ. ആശുപത്രികളിലെ തിരക്ക് നിയന്ത്രിക്കാൻ ഓരോ പഞ്ചായത്തിലും കൂടുതൽ ചികിത്സാകേന്ദ്രങ്ങൾ തുടങ്ങുകയോ ഉള്ളവയിലെ സൗകര്യങ്ങൾ ഇരട്ടിയാക്കുകയോ ആണ്. ആരോഗ്യ ഉപകേന്ദ്രങ്ങളെ ആ നിലയിൽ ഉപയോഗിക്കുകയും ആവാം. പക്ഷെ അതിൽ തീർച്ചയായും ഫീൽഡ് ഡോക്ടറും ഫാർമസിസ്റ്റും കൂടി വേണം. കിടപ്പുരോഗികൾക്ക് മരുന്നും സേവനങ്ങളും ചികിത്സയും വീടിനടുത്ത് നൽകാൻ സാധിക്കണം. NCD ഉപഭോക്താക്കൾക്ക് ഉപകേന്ദ്രം വഴി മരുന്നുകൾ വിലയിരുത്തി നൽകാൻ ക്വാളിഫൈഡ് പേഴ്സൺ തന്നെ വേണം. മറിച്ച് ആശുപത്രിയുടെ സബ് സ്റ്റോറായി ഉപകേന്ദ്രങ്ങളെ മാറ്റി ആർക്കും കൊടുക്കാവുന്ന ഒന്നായി മരുന്ന് വിതരണ ശൃംഖല മാറ്റി... താളം തെറ്റിക്കരുത്.

വർദ്ധിച്ചുവരുന്ന രോഗതീവ്രതയെയും പാലിയേറ്റീവ് മേഖലയിലെ വർദ്ധനവിനെയും നേരിടാൻ കേരളത്തിലെ ആരോഗ്യസംവിധാനം ആധുനികവൽകരിക്കപ്പെടണം ഇനിയും... അതിൽ നീക്കുപോക്കുകളെ പറ്റിയല്ല പകരം കൂടുതൽ ഉൾക്കാഴ്ചകളെ പറ്റി ചിന്തിക്കണം... പ്രൈവറ്റ് മേഖലയിൽ പാലിയേറ്റീവ് രംഗത്ത് ഡോക്ടർ വീട്ടിലെത്തുമ്പോൾ നമ്മൾക്കിടയിൽ അതില്ല... ഒരു ഫീൽഡ് ഡോക്ടർ-ഫാർമസിസ്റ്റ് എന്നിവ എന്തുകൊണ്ട് ഇവിടെ സാധ്യമാവുന്നില്ല.

ആരോഗ്യ വകുപ്പ് ഡയറക്ടറുമായി ചർച്ച നടത്താൻ ലഭിച്ച അവസരം അർത്ഥവത്തായി ഉപയോഗിക്കാൻ സംഘടനയ്ക്ക് സാധിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറി നമുക്ക് നല്കിയ ഉറപ്പുകൾ നടപ്പിലാക്കണം. ഫാർമസിസ്റ്റുകളുടെ വർക്ക് സ്റ്റഡി നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണം. കാലങ്ങളായി നമ്മൾ കാത്തിരിക്കുന്ന സ്പെഷ്യൽ റൂൾസ്, ഡ്യൂട്ടീസ് & റെസ്പോൺസിബിലിറ്റീസ് എന്നിവ നടപ്പിലാക്കണം എന്നിവ ചർച്ചയുടെ ഭാഗമായി. സംഘടനാ പ്രവർത്തകരോട് പോസിറ്റീവായി സംസാരിച്ച ഡയറക്ടർ ഡോ. റീനയിൽ നിന്ന് നടപടികളുടെ ഭാഗമായി വേഗത്തിൽ തീരുമാനങ്ങൾ ഉണ്ടാകുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു.

**സർവ്വീസ് സംബന്ധമായ ഉത്തരവുകൾക്ക് സന്ദർശിക്കുക**

**www.kgpa.co.in**

**ഫാർമസി ബുള്ളറ്റിൻ**

**സംഘടനയുടെ മുഖപത്രം**

# സംസ്ഥാന സമ്മേളനം റിപ്പോർട്ട്

**മനോജ് തൈത്തറ**

അനന്തപുരിയുടെ അക്ഷരമുറ്റത്ത് ആരവ മുയർത്തിയാണ് KGPA സംസ്ഥാന സമ്മേളനം ആരംഭിച്ചത്. വർഗ്ഗബോധവും തീക്ഷ്ണമായ സഹനപാരമ്പര്യവും ഉള്ള ഫാർമസിസ്റ്റുകളുടെ ഏക സംഘടനയുടെ അണികൾ അതിരാവിലെ മുതൽ തിരുവനന്തപുരത്ത് വന്നിറങ്ങിത്തുടങ്ങി.

ആരോഗ്യ-ആരോഗ്യവിദ്യാഭ്യാസം-തൊഴിൽവകുപ്പുകളിലെ മരുന്ന് വിതരണക്കാരുടെയും അതിന്റെ കസ്റ്റോഡിയന്മാരുടെയും സംഘടനാപാരമ്പര്യം മുഷ്ടികളിൽ ആവേശമായി ഉയർന്നു പൊങ്ങിയപ്പോൾ സംസ്ഥാന പ്രസിഡന്റ് വിജയകുമാർ AKG സെന്ററിനോട് ചേർന്ന ഹസ്സൻ മരക്കാർ ഹാളിൽ പതാക ഉയർത്തി.

സമ്മേളനത്തിൽ റാങ്ക് ഹോൾഡേഴ്സ് അസ്സോസിയേഷൻ അടക്കം നിരവധി സഹോദര സംഘടനാപ്രതിനിധികൾ പങ്കെടുത്തു. മുഖ്യ അതിഥിയായി വന്ന് ഫാർമസി മേഖലയുടെ പുരോഗതിയെപ്പറ്റി നമ്മോട് സംസാരിച്ചത് ജി. സ്റ്റീഫൻ എം.എൽ.എ. ആയിരുന്നു. സമ്മേളനം ഉദ്ഘാടനം ചെയ്ത് മന്ത്രി ആന്റണി രാജു അതിവേഗം നവീകരിക്കപ്പെടുന്ന പൊതു ആരോഗ്യരംഗത്ത് ഫാർമസിസ്റ്റുകളുടെ പ്രാധാന്യം എടുത്ത് പറഞ്ഞു.

തുടർന്ന് ജന. സെക്രട്ടറിയുടെ റിപ്പോർട്ട് അവതരണം ഉണ്ടായിരുന്നു. സമഗ്രമായ രൂപത്തിൽ ഒരു വർഷത്തെ പ്രവർത്തനം വാക്കുകളിൽ എം.എസ്. മനോജ് കുമാർ കുടഞ്ഞിട്ടത് സദസ് ആദരപൂർവ്വം കേട്ടുകൊണ്ടിരുന്നു. വ്യത്യസ്ത വിഷയങ്ങളിൽ ഇടപെട്ട സാഹചര്യവും കോടതിയുടെ നിലപാടുകളും ഇനിയും പൂർത്തീകരിക്കേണ്ട ആവശ്യങ്ങളും റിപ്പോർട്ടിൽ നിറഞ്ഞു നിന്നു.

വിവിധ ജില്ലകളിൽ നിന്നായി അംഗങ്ങൾ റിപ്പോർട്ടിനെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്തു. സമയക്കുറവിനാൽ ആണോ പലരും റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങളെ എല്ലാം പ്രതിനിധീകരിച്ച് ചർച്ചകൾ മുന്നോട്ട് കൊണ്ടുപോയില്ല. വിമർശനങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വെച്ച് നാളത്തെ നിലപാടുകളെ നിർണ്ണയിക്കേണ്ട പ്രതിനിധി ചർച്ചക്ക് പൊതുവെ നിലവാരം കുറവായിരുന്നു. വൈകിട്ട് സംസ്ഥാന സമ്മേളനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമായ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യപ്പെട്ടു. അടൂർ പ്രകാശ് എം.പി യാണ് അത് നിർവ്വഹിച്ചത്. ദേശീയ-ആരോഗ്യ നയങ്ങളിൽ ഫാർമസി മേഖലയ്ക്ക് പ്രാധാന്യം കുറഞ്ഞുപോവുന്ന കാര്യങ്ങൾ നിവേദനം നൽകിയാൽ ഇടപെടാം എന്ന ഉറപ്പും അദ്ദേഹം പ്രതിനിധികൾക്ക് നൽകുകയുണ്ടായി. മുൻ ആരോഗ്യമന്ത്രി എന്ന നിലയിൽ പൊതുമേഖലയിലെ ഫാർമസിസ്റ്റുകൾ നേരിടുന്ന വിഷയങ്ങളെപ്പറ്റി ആരെക്കാളും മനസ്സിലാക്കിയാണ് അദ്ദേഹം എത്തിയത്. KGPA ക്ക് സമാന്തരമായി പ്രവർത്തനം നടത്തുന്ന SPO, ARPS, FIPO പ്രതിനിധികളും ആശംസ നേർന്ന് സംസാരിച്ചു. സംഘടനയെ ഒരുപാടുകാലം നയിച്ച പ്രഗത്ഭരായ മുൻനേതാക്കളും ആശംസകളുമായി എത്തിയിരുന്നു.

തുടർന്ന് റിപ്പോർട്ടിൽ ചർച്ചകൾക്ക് മറുപടി നൽകി ദീർഘനേരം സംസ്ഥാന ജന. സെക്രട്ടറി സംസാരിച്ചു. പ്രവർത്തനങ്ങളിൽ പങ്കാളി




കൾ ആവുമ്പോഴാണ് സംഘടന ഏതെല്ലം വഴികളിലൂടെ സഞ്ചരിക്കുന്നു എന്ന ബോധ്യം വരുന്നത്. എല്ലാ വിഷയങ്ങളും ഏറ്റെടുക്കാൻ പറ്റുന്ന ഒരു രാഷ്ട്രീയ സാഹചര്യം നമുക്ക് ഇല്ല. കോടതി നടപടികൾ ദീർഘകാലം നീണ്ടുനിന്ന് സംഘടനയുടെ പണം ചെലവാകുന്നു എന്നത് ശരിയാണ്. പക്ഷേ അത് ഒരു മാർഗ്ഗമാണ്. നിസ്സഹായർ ആയവർക്ക് കോടതി ഒരു ശരണമാവുന്നു. നാളെ തകർക്കാൻ കാത്തിരിക്കുന്നത് നമ്മുടെ വർഗ്ഗത്തിൽ പെട്ടവർ തന്നെയാണ് എന്നത് എല്ലാവരും മനസ്സിലാക്കണം. സംഘടനയെ രാഷ്ട്രീയലാഭത്തിന് ഒറ്റുകൊടുക്കുന്നവരോട് കാലം മാപ്പു പറയിക്കും എന്നും സെക്രട്ടറി പറഞ്ഞു.

തുടർന്ന് സായംസന്ധ്യയിൽ കലാകാരന്മാരുടെ കൂട്ടായ് ഹാളിൽ അരങ്ങേറി. ഗായകരും നാടൻ പാട്ടുകാരും കവിതകളും മുഖരിതമാക്കിയ ഒരു സായാഹ്നകാഴ്ചയിൽ സമ്മേളനഹാളിൽ കൂടുതൽ ഉന്മാദിയായി നഗരത്തിലെ തിരക്കുകൾ ഒഴിഞ്ഞു. രാത്രിയുടെ കറുപ്പ് KGPA യുടെ കൊടിമരത്തിൽ വിശ്രമിക്കാൻ തുടങ്ങി. ഒരു ദിവസം നീണ്ടുനിന്ന ചർച്ചകളും പ്രസംഗങ്ങളും അപ്പോഴും ഉറക്കമിളച്ച് നാളെയെ കാത്തിരുന്നു.

സമ്മേളനദിനത്തിന്റെ രണ്ടാം നാൾ ഹസ്സൻ മരക്കാർ ഹാൾ കാത്തിരുന്നത് മുൻ മേയറും തിരുവനന്തപുരത്തിന്റെ സ്വന്തം നേതാവുമായ മന്ത്രി ശിവൻകുട്ടിയെയായിരുന്നു.

സംഘടനയുടെ സംസ്ഥാന കാര്യാലയം രാവിലെ ഫാർമസിസ്റ്റ് സമൂഹത്തിന് സമർപ്പിക്കപ്പെട്ടു. ആറ് പതിറ്റാണ്ട് നീണ്ടുനിന്ന മോഹങ്ങൾ പൂർണ്ണമാവുകയാണ്. ആസ്ഥാന കാര്യാലയം എന്ന സ്വപ്നത്തിനായി വല വിരിച്ചവർക്ക് ഇനി സമാധാനം. പാരമ്പര്യങ്ങൾ ഏറ്റുവിളിച്ചവർക്കും ഇനി തലസ്ഥാനത്ത് സ്വന്തം കെട്ടിടം ആയി. ഇത് അഭിമാനത്തിന്റെ ഹൃദയം തുടിക്കുന്ന മുഹൂർത്തമാണ്. കാര്യാലയത്തിൽ പൂർത്തിയാവുന്ന MNVG അടിയോടി വായനാമുറിയിലേക്ക് ഉപകരണങ്ങളും പുസ്തകങ്ങളും സമാഹരിക്കപ്പെടണം. അതിന്റെ ആദ്യപടിയുമായി അടിയോടി സാറിന്റെ സഹധർമ്മിണി ഇവിടെ എത്തിച്ചേർന്നു.

മുൻ മേയർ വി.കെ. പ്രശാന്ത് അധ്യക്ഷപ്രസംഗത്തിൽ ആസ്ഥാന കാര്യാലയം പൂർത്തീകരിക്കാൻ പരിശ്രമിച്ച ഫാർമസിസ്റ്റ് സംഘടനയെ പറ്റി എടുത്തു പറഞ്ഞു. AKG സെന്ററിനോട് ചേർന്ന് സ്വന്തം മണ്ണിൽ KGPA യുടെ കൊടിപേറുന്ന കെട്ടിടം എന്നത് എത്രയോ മഹത്തരമാണ്.

ഉച്ചയ്ക്ക് അടിയോടി മന്ദിരത്തിൽ ഭദ്രദീപം കൊളുത്തിയത് മുൻകാല നേതാക്കൾ ഒരുമിച്ചാണ്. ഒരുപാട് ചർച്ചകൾക്കും നീക്കുലാക്കുകൾക്കും ഒടുവിൽ ഒരു മന്ദിരത്തിൽ ഒരുമിച്ച് ഇരിക്കുമ്പോൾ സ്വന്തം വീട്ടിലെത്തിയ പ്രതീതിയാണ്. കെട്ടിടം ഇനി മുതൽ വിവിധ ആവശ്യങ്ങൾക്ക് തിരുവനന്തപുരത്ത് എത്തുന്ന KGPA പ്രവർത്തകർക്ക് തങ്ങാനും മറ്റും ഉപകരിക്കുംവിധം രൂപപ്പെടുത്തണം. എങ്കിലെ കൂടുതൽ ഗുണപരമാവൂ.

11 മണിക്ക് യാത്രയയപ്പ് സമ്മേളനം ചേർന്നു. ഐ.ബി. സതീഷ് എം.എൽ.എ യാണ് പരിപാടി ഔപചാരികമായി ഉദ്ഘാടനനം ചെയ്തത്. സംഘടനയെ ഇന്നലെകളിൽ മുന്നോട്ട് നയിച്ച വർക്ക് സമുന്നതമായ പ്രാധാന്യം നൽകിയാണ് ഏവരും സംസാരിച്ചത്. KGPA എന്നാൽ ജന. സെക്രട്ടറി പ്രേമാനന്ദൻ ആണ് എന്ന് വ്യാഖ്യാനിക്കുന്ന കാലത്തെ പലരും അടയാളപ്പെടുത്തി. അതോടൊപ്പം പഴയകാല സെക്രട്ടറിമാരെ ആദരിക്കൽ ചടങ്ങും ഉണ്ടായിരുന്നു. വിവിധ കാലങ്ങളിൽ സംഘടനയെ വീഴാതെ നിർത്തിയ നേതാക്കൾ നിരന്നുനിന്ന് സ്റ്റേജ് വലിയ ഓളങ്ങൾ സൃഷ്ടിച്ചു. വർഗ്ഗവികാരങ്ങളും കർത്തവ്യബോധ്യങ്ങളും നിറച്ച് ഒരു കാറ്റഗറിയെ നയിച്ചവരുടെ തലപൊക്കങ്ങളിൽ സദസ് വിനയം കാണിച്ചു. നിലപാടുകളെ അടിയറവ് വെക്കാതെ പൊരുതിനിന്ന് പൊന്നുപോലെ കാത്ത സംഘടന അവർക്ക് തിരിച്ചും. ആദരവ് നൽകി യാത്രയാക്കി.

മറുപടികളിൽ അവർ പുതിയ തലമുറകളെ കാര്യങ്ങൾ വാക്കുകളായും അനുഭവങ്ങൾ ആയും പഠിപ്പിച്ചു. എന്തിനാണ് സംഘടന എന്ന പ്രാഥമിക ചോദ്യത്തെ മുതൽ പുരോഗതിയുടെ അടയാളങ്ങളെ വരെ അവർ കാണിച്ചു തന്നു. എല്ലാ സൗകര്യങ്ങളും നിറഞ്ഞ ഫാർമസിയുടെ പുതു കാഴ്ചകളിൽ മറന്നു പോവാത്ത മുഖങ്ങൾ എത്ര മധുരമുള്ള ഓർമയാണ്. സ്വന്തം കാര്യങ്ങളെ മറന്ന് സംഘടന കെട്ടിപ്പടുത്തേണ്ടവരുടെ വികാരങ്ങളെ വാക്കുകൾക്ക് അപ്പുറത്തേക്ക് വഹിക്കണം.

തുടർന്ന് പ്രമേയങ്ങൾ വായിച്ചു. സംസ്ഥാന കൗൺസിൽ യോഗം ചേർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. മൂന്നു മേഖലയിലെയും പ്രതിനിധികൾ ഭാരവാഹി പട്ടികയിൽ ഉണ്ട് എന്ന് ഉറപ്പു വരുത്തുന്ന ഇടപെടലുകൾ തിരഞ്ഞെടുപ്പ് വേളയിൽ ഉണ്ടായി. ഐക്യകണ്ഠേന തന്നെ അവരെ നിശ്ചയിക്കുകയും ഉണ്ടായി.

സന്ധ്യയായി, വഴിവിളക്കുകൾ മിഴിതുറന്നു. ആരംഭദിനത്തിലെപ്പോലെ തന്നെ ചടങ്ങുകൾ പൂർത്തിയാക്കി  കൊടി ഇറക്കി. സംഘടനാസമ്മേളനം പൂർത്തിയാക്കി. പുതിയ മുഖങ്ങളും പഴയ കുതിരകളും ഒത്തുചേർന്ന് ഇനി ഒരു വർഷം കാറ്റുംകോളും നിറഞ്ഞ ആരോഗ്യമേഖലയിൽ KGPA യെ നയിക്കണം. പ്രതിലോമപരമായ പല ഉത്തരവുകളും വരാം. ഒത്തൊരുമിച്ച് നേരിടണം. പലതിനും കോടതിയെ സമീപിക്കേണ്ടി വരും. കാറ്റഗറി സംഘടനാമേഖലയിലെ പൊതു മുരടിപ്പ് ഏശാതെ ഈ പ്രസ്ഥാനം മുന്നോട്ട് പോവണം. അതിന് മുതൽ കൂട്ടായ്മ പ്രവർത്തകർ വീടുകളിലേക്ക് പ്രയാണം ആരംഭിച്ചു. തമ്പാനൂരിൽ രാത്രി വണ്ടിയെ പ്രതീക്ഷിച്ച് പ്രവർത്തകർ ഇറങ്ങി തുടങ്ങി. നേതാക്കളുടെ വാക്കുകൾ വീണു മുളച്ച് പുതിയ പുഷ്പങ്ങൾ ഉണ്ടായി വരണം. വാഗ്ദാനങ്ങൾ നൽകിയ ജനപ്രതിനിധികൾ നമുക്കിടയിൽ ഉണർന്നിരിക്കുന്നുണ്ട്. ഫാർമസി മേഖലയിലെ പ്രസക്തിയെപ്പറ്റി വാതോരാതെ സംസാരിച്ചവർ ആശയങ്ങൾ മറക്കില്ല എന്ന് കരുതാം.

മരുന്നിനായി അനേകായിരങ്ങൾ അടുത്തേക്ക് വരുമ്പോൾ നിരാശയേതുമില്ലാതെ അകത്തു നിൽക്കാൻ നമ്മുടെ അഭിമാനബോധം ഇനിയും ഉയരണം. അതിന് KGPA എന്ന സംഘടന കരുത്തു പകരണം. ആ വികാരമാണ് സമ്മേളനപ്രതിനിധികൾ ഇനി ജില്ലകളിൽ പകർന്ന് നൽകേണ്ടത്. ആസ്ഥാനമന്ദിരത്തിന് മുകളിൽ ചുവപ്പ് രശ്മികൾ വീണു. രാത്രി ഇരുണ്ടു തുടങ്ങി. മറ്റൊരു പകൽ ഈ ഇറക്കത്തിന്റെ ഒഴുക്കിലായി. വിപ്ലവം തുടിച്ച മൺതരികൾ ചാറ്റൽമഴയിൽ ഉരുണ്ടു വന്നു. ഹസ്സൻ മരക്കാർ ഹാളിനും MNVG അടിയോടി മന്ദിരത്തിനും ഇടയിൽ ഞാൻ നിന്നു. കയറ്റം കയറി ബസ് പിടിക്കണം. നാട് അണയണം. കയറുക തന്നെ. ഇനിയും ഉയരത്തിലേക്ക് നടക്കാൻ രണ്ട് ദിനത്തിലെ സമ്മേളനം എന്നിൽ നിറച്ച ആവേശത്തിന് നന്ദി. KGPA യുടെ കൊടിക്ക് അപ്പുറത്ത് AKG സെന്ററിലെ കൊടി കാറ്റിൽ പാറുന്നു. അതിജീവനത്തിന്റെ ആവേശം എവിടെയും ഒന്നുതന്നെ.

# ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പ് 2022

## ഒരു വിവരണം




**സരസ്വതി കെ.**
PSK SW Store, കണ്ണൂർ

2022 നവംബർ 5 ശനിയാഴ്ച... ശരത്കാലത്തിന് വിടചൊല്ലി മണ്ണിൽ ഉൽസവ പ്രതീതിയുണർത്തുന്ന മഞ്ഞുകാലത്തെ വരവേൽക്കാൻ പ്രകൃതി വെമ്പൽ കൊള്ളുന്ന തണുത്ത പ്രഭാതം... വിനോദ സഞ്ചാരികൾക്കു ആനന്ദവും ആശ്വാസവുമാകുന്ന തേക്കടിയുടെയും മംഗളാദേവി ക്ഷേത്രത്തിന്റേയും സമീപത്തായി കൊല്ലം – മധുര ദേശീയപാത–183 (കെ–കെ റോഡ്) കടന്നുപോകുന്ന കുമളി ഉണർന്നു വരുന്നതേയുള്ളൂ..

കേരളാ ഗവണ്മെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ സംസ്ഥാനത്തുടനീളമുള്ള നേതൃനിരയിൽ പുത്തനുണർവ്വുണ്ടാക്കി, സംഘടനാകാര്യങ്ങളിൽ ആശയ വ്യക്തത ഉണ്ടാക്കാനും ദിശാബോധത്തോടെയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും പര്യാപ്തമായ ഒരുയനേതൃത്വത്തെ വാർത്തെടുക്കുന്നതിനായി നടത്തപ്പെടുന്ന ഗുരുകുല - പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി കുമിളി - ഹോളിഡേഹോമിന്റെ പ്രകൃതിരമണീയതയിലേക്ക് പ്രതിനിധികൾ കൂട്ടം കൂട്ടമായി എത്തിക്കൊണ്ടിരുന്നു.

കഥ പറയുന്ന മുന്തിരിത്തോപ്പുകളോട് കിന്നാരം പറഞ്ഞും, തേക്കടിയുടെ സർഗ്ഗ ഭംഗിയാസ്വദിച്ചും കറങ്ങിയെത്തിയ ചാറ്റൽ മഴയും മഞ്ഞും കലർന്ന സൗന്ദര്യത്തിൽ കുളിർന്നു നിൽക്കുന്ന പരിശീലന ഹാളിൽ പ്രതിനിധികൾ എല്ലാവരും കൃത്യം പത്തര മണിക്ക് അച്ചടക്കത്തോടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചു സന്നിഹിതരായി.

ചടങ്ങിൽ, കേരളാ ഗവണ്മെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ ജനറൽ സെക്രട്ടറി ശ്രീ. എം.എസ്. മനോജ് കുമാർ, ക്യാമ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേതൃത്വത്തിന്റെ കഴിവുകളും കാലാനുസൃതമായകാഴ്ചപ്പാടുകളും ചിന്തകളും നവീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ഇതുപോലുള്ള ക്യാമ്പിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞുകൊണ്ടാണ് സ്വാഗതം ആശംസിച്ചത്. തുടർന്ന് മൺമറഞ്ഞുപോയ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ ആചാര്യന്മാർക്ക് ഔപചാരികമായ അനുശോചനം രേഖപെടുത്തി ഒരു മിനിറ്റ് മൗനം ആചരിച്ചു .






സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. വിജയകുമാർ അദ്ധ്യക്ഷത വഹിച്ച ക്യാമ്പ്, കുമിളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ശ്രീമതി ശാന്തി ഷാജിമോൻ ആണ് ഉൽഘാടനം നിർവ്വഹിച്ചത്. ഇന്നുകാണുന്ന ഈ ഐക്യം നില നിർത്തുകയാണെങ്കിൽ കേരളാ ഗവണ്മെന്റ് ഫാർമസിസ്റ്റ് അസോസിയേഷന് ഏതു വിജയവും എത്തിപ്പിടിക്കാൻ ആവും എന്നും അതിന് ഇത്തരം ക്യാമ്പുകൾ അത്യാവശ്യമാണെന്നും ഇനിയും ഈ കുമിളിയിൽ കെ.ജി.പി.എ ഇതുപോലൊരു ക്യാമ്പ് നടത്തുകയാണെങ്കിൽ അന്നെല്ലാ പിന്തുണയുമായി കൂടെ ഉണ്ടാവും' എന്ന ഉദ്ഘാടകയുടെ വാക്കുകൾ പ്രതിനിധികളിൽ ഒരു പുത്തൻ ആവേശമാണ് ഉയർത്തിയത്.

സംസ്ഥാന ട്രഷറർ ശ്രീ. എം.കെ. മനോജ് കുമാർ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചതോടെ 10 വനിതകൾ ഉൾപ്പെടെ 65 ഓളം പ്രതിനിധികൾ പങ്കെടുത്ത ക്യാമ്പിന്റെ ആമുഖ ചടങ്ങ് അവസാനിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം, 'കെ .ജി.പി.എ യുടെ ചരിത്രവും സമകാലിക സംഘടനാ പ്രവർത്തനവും' എന്ന വിഷയത്തെക്കുറിച്ച് കെ.ജി.പി.എ മുൻസംസ്ഥാന വൈസ് പ്രസിഡന്റ ശ്രീ. തങ്കച്ചൻ വിശ്വനാഥൻ നയിച്ച ക്ലാസ്സ്, 1957 ജൂൺ 11 ന് രജിസ്റ്റർ ചെയ്ത സംഘടനയുടെ തഴക്കവും പാരമ്പര്യവും മനസ്സിലാക്കാനും ഓരോ കാലത്തും സംഘടനയെ നയിച്ച സാരഥികളേയും, നടത്തിയ പോരാട്ടങ്ങളെയും നേടിയെടുത്ത നാഴികക്കല്ലുകളും അറിയാനും മുന്നോട്ട് എങ്ങിനെ എന്ന ചിന്തയിലേക്കും ചർച്ചകളിലേക്കും പുതിയ തലമുറയെ കൊണ്ടെത്തിച്ചത് ഒരനുഭവമായിരുന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി. ഡി.എൻ. അനിത സ്വാഗതവും ശ്രീ. അഭിലാഷ് ജയറാം നന്ദിയും പറഞ്ഞു.

തുടർന്ന് 'കെ.ജി.പി.എ ബൈലോയും സംഘടനാ പ്രവർത്തനവും യോഗ നടപടികളും ഒരു പഠനം ' ആസ്പദമാക്കി ജനറൽ സെക്രട്ടറി ശ്രീ. എം.എസ്. മനോജ്കുമാർ, സമഗ്രമായി അവതരിപ്പിച്ചത് സംഘടനാ പ്രവർത്തനത്തിന്റെ പടിവാതിൽ കടന്നുവരുന്ന പുതുനേതൃത്വ നിരയ്ക്ക് വളരെയധികം വിജ്ഞാനപ്രദമായിരുന്നു.

ചർച്ചയ്ക്കുശേഷം 3 മുതൽ 'എങ്ങിനെ മികച്ച സംഘാടകനാകാം' എന്ന വിഷയത്തിന്മേൽ സംഘടനയുടെ ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിനുള്ള വേദിയായി ഹാൾ മാറുകയായിരുന്നു. ഇന്ത്യയ്ക്കകത്തും വിദേശത്തുമായി 18000 മണിക്കൂറിലധികം മോട്ടിവേഷൻ ട്രെയിനിങ് ചെയ്തിട്ടുള്ള കോർപ്പറേറ്റ് ട്രെയിനറും നിലവിൽ കൊച്ചിൻ 'ImpressON' കമ്പനി മാനേജിങ് ഡയറക്ടറും ആയിട്ടുള്ള ശ്രീ. സുധീപ് സെബാസ്റ്റ്യൻ നയിച്ച ക്ലാസ് പ്രതിനിധികൾക്കിടയിൽ കഥകളിലും ചിരിയിലും ചിന്തയിലും ചർച്ചകളിലും അടിസ്ഥാനമാക്കിയുള്ള ആക്ടിവിറ്റീസുകളുമായി 8 വരെ

നീണ്ടുപോയ മണിക്കൂറുകൾ പ്രതിനിധികളിൽ വല്ലാത്തൊരാവേശമായി പടരുകയായിരുന്നു. സംസ്ഥാന സെക്രട്ടറി സരസ്വതി കെ. സ്വാഗതം ആശംസിച്ച ക്ലാസ്സിനു കെ ജി പി എ ഓഫീസ് സെക്രട്ടറി ശ്രീ. രൂപേഷ് കെ. നന്ദിയർപ്പിച്ചു.

അത്താഴത്തിന് ശേഷം ഒത്തുകൂടിയത് കുമിളിയിലെ വാവാവം ഫോക്ക് ബാൻഡ് അവതരിപ്പിച്ച മണ്ണിന്റെ മണമുള്ള നാടിൻ പാട്ടിനൊപ്പം കാസറഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പ്രതിനിധികൾ എല്ലാവരും കൂട്ടം ചേർന്ന് ആടിയും പാടിയും 11.30 വരെ ഒരുത്സവ പ്രതീതി ഉണർത്തിയത് ഓർമ്മയിൽ എന്നും തിളങ്ങി നിൽക്കുന്നതായിരിക്കും.

ക്യാമ്പിന്റെ രണ്ടാം ദിവസമായ 6.11.2022 ഞായറാഴ്ച രാവിലെ 9.30ന് 'ഫാർമസി രജിസ്ട്രേഷൻ യൂണീക് ഐഡി ഒരു വിശദീകരണം' എന്ന കാലിക വിഷയത്തിൽ തിരുവനന്തപുരം ഡ്രഗ് ഇൻസ്പെക്ടർ ശ്രീ. പ്രവീൺ നടത്തിയ വിശദീകരണം പ്രതിനിധികൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതും സംശയങ്ങൾ നിറഞ്ഞതുമായിരുന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. രാജേഷ് കുമാർ കെ. സ്വാഗതവും സംസ്ഥാന സെക്രട്ടറി ശ്രീ. എം.വി. മണികണ്ഠൻ നന്ദിയും പ്രകാശിപ്പിച്ചു.

ക്യാമ്പിന്റെ സമാപനദിവസം 11 മണി മുതൽ 3.30 വരെ പരിശീലന ക്യാമ്പിൽ കോർപ്പറേറ്റ് ട്രെയിനർ ശ്രീ. സുധീപ് സെബാസ്റ്റ്യൻ പ്രതിനിധികൾക്കിടയിലേക്ക് 'വ്യക്തിത്വ വികസനവും പ്രസംഗകലയും' എന്ന വിഷയത്തിൽ ഒരു നടന വിസ്മയം തീർത്തുകൊണ്ട് 'അപ്രസക്തമായ കാര്യങ്ങളിൽ പോലും ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുക എന്നതാണ് ഒരു പ്രസംഗകന്റെ അല്ലെങ്കിൽ പ്രസംഗകയുടെ വിജയം എന്നതും ശരീരഭാഷയും വ്യക്തിത്വതത്തിലേക്ക് തുറക്കുന്ന ഒരു പ്രധാന താക്കോൽ ആണെന്നും ട്രെയിനർ വ്യക്തമാക്കിയപ്പോൾ പ്രതിനിധികൾക്കിടയിൽ ശക്തമായ ആത്മവിശ്വാസം ഉടലെടുക്കുകയായിരുന്നു എന്ന് ക്യാമ്പിന്റെ സമാപന വേളയുടെ അഭിപ്രായവേദിയിൽ പുതിയ തലമുറ പ്രതികരണത്തിലൂടെ വ്യക്തമാക്കി എന്നത് ഈ



പരിശീലനത്തിന്റെ വിജയമായി എന്നത് സംഘടനയ്ക്ക് തീർത്തും അഭിമാനകരമാണ്.

സംഘടനയുടെ ഡി.എം.ഇ. സബ്കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ശുഭ സ്വാഗതം പറഞ്ഞ ഈ പരിശീലന ക്ലാസ്സിന് കെ.ജി.പി.എ കോഴിക്കോട് ജില്ലാ സെക്രെട്ടറി ശ്രീ. ശൈലേഷ് നന്ദിയും പ്രകാശിപ്പിച്ചു.

ക്യാമ്പിന്റെ ഉപസംഹാരമെന്ന നിലയിൽ ചർച്ചകൾക്കും നിർദേശങ്ങൾക്കും ഒടുവിൽ ഇതുപോലുള്ള പരിശീലന പരിപാടികൾ കാലദൈർഘ്യമില്ലാതെ വർഷംതോറും നടത്തേണ്ടതാണ് എന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ സംസ്ഥാന പ്രസിഡന്റ് മുന്നോട്ടുവെച്ച നിർദേശത്തെ അംഗീകരിച്ചുകൊണ്ട് പരിശീനം നൽകിയ ഊർജ്ജം ഒട്ടും ചോർന്നു പോകാതെ പങ്കെടുത്ത മിക്കവാറും പ്രതിനിധികൾ വേദിയിൽ വന്നു സംസാരിച്ചതോടെ രണ്ടു ദിവസമായി നടന്നു വന്ന ക്യാമ്പിന് സമാപനമായി.

ഹൈറേഞ്ചിൽ നിറഞ്ഞുനിന്ന മഞ്ഞിന്റെ സൗന്ദര്യവും പ്രതിനിധികളുടെ അച്ചടക്കവും ലാളിത്യവും അടുക്കും ചിട്ടയും സമഭാവനയും ക്യാമ്പിന്റെ പ്രത്യേകതയായിരുന്നു. മഞ്ചേശ്വരം മുതൽ ഗോകർണ്ണം വരെയുള്ള ഫാർമസിസ്റ്റുമാരായ പ്രതിനിധികളുടെ ഒത്തുചേരലും ക്യാമ്പിലെ ഓരോ നിമിഷവും എന്നും ഓർമ്മയിൽ തങ്ങിനിൽക്കും.

# ഫാർമസിസ്റ്റ് ദിനാചരണവും റാലിയും നടത്തി



**എം കെ പ്രേമാനന്ദൻ**
ജനറൽ സെക്രട്ടറി FIPO
സംസ്ഥാന കമ്മറ്റി

**കേ**രളത്തിലെ ഫാർമസിസ്റ്റുമാരുടെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻ സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ നടത്തിയ ഫാർമറാലിയും, ലോക ഫാർമസിസ്റ്റ് ദിന സമ്മേളനവും ശ്രദ്ധേയമായി. വിവിധ മേഖലകളിലെ ഫാർമസിസ്റ്റുമാർ തങ്ങൾ ഒറ്റക്കെട്ടാണ് എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട്, ഏറെ മുന്നേറ്റങ്ങൾക്ക് സാക്ഷ്യംവഹിച്ച സാംസ്കാരിക തലസ്ഥാനത്തിന്റെ വീഥികളിലൂടെ നടന്നു നീങ്ങിയപ്പോൾ, ഏതെങ്കിലും ഹാളിൽ കൂടിയിരുന്നു സ്വയം വാഴ്ത്തുപാട്ടുകൾ പാടുകയെന്ന പരമ്പരാഗത രീതിക്കു പകരം ജനങ്ങളിലേക്ക് ഈ സുദിനത്തിന്റെ സന്ദേശം എത്തിക്കാൻ സാധിച്ചു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഫാർമസിസ്റ്റ് സംഘടനകളുടെ ദേശീയതല നേതൃസംഘടനയായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻ (FIPO) സംസ്ഥാന ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ഈ ഫാർമസിസ്റ്റ് ദിനം സംയുക്തമായി ആചരിച്ചത് ചുരുങ്ങിയ ദിവസങ്ങളുടെ തയ്യാറെടുപ്പുകൾകൊണ്ടാണ്.

സെപ്റ്റംബർ 25 ന് രാവിലെതന്നെ വിവിധ ജില്ലകളെ പ്രതിനിധീകരിച്ചുകൊണ്ട് വിവിധ മേഖലകളിൽ ജോലിചെയ്യുന്ന നൂറുകണക്കിന് ഫാർമസിസ്റ്റുമാർ തൃശ്ശൂരിൽ വടക്കേ സ്റ്റാൻഡിന് സമീപം എത്തിച്ചേർന്നു. കൃത്യം 10 മണിയോടെ ആരംഭിച്ച റാലിക്ക് വിവിധ സംഘടനാഭാരവാഹികൾ നേതൃത്വം നൽകി. ഫാർമസി പ്രൊഫഷന്റെ പ്രാധാന്യം വിളിച്ചോതുന്നതും, ഫാർമസിസ്റ്റുകളോടുള്ള അവഗണനക്കെതിരെയുള്ള മുദ്രാവാക്യങ്ങൾ ആലേഖനം ചെയ്തതുമായ പ്ലക്കാർഡുകളും, മുദ്രാവാക്യം വിളികളുമായി, സ്വരാജ് റൗണ്ട് വഴി വ്യാപാരഭവനിലേക്ക് നീങ്ങിയ നൂറുകണക്കിന് പേർ അണിനിരന്ന ഫാർമറാലി ഏറെ ശ്രദ്ധ പിടിച്ചുപറ്റുന്നതായിരുന്നു.

ദിനാഘോഷ പരിപാടികൾ വ്യാപാരഭവനിലെ എം ഒ ജോൺ ഹാളിൽ 11 മണിയോടുകൂടി ശ്രീമതി അർച്ചനയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. തൃശ്ശൂർ എം എൽ എ ശ്രീ. പി. ബാലചന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. എം എൻ വി ജി അടിയോടിസാർ തുടക്കമിട്ട ഫിപോയുടെ നേതൃത്വത്തിലുള്ള പരിപാടിയിൽ പങ്കെടുക്കുന്നത് അഭിമാനകരമാണെന്നും, ഫാർമസി പ്രൊഫഷന്റെ പ്രാധാന്യവും, സേവനങ്ങളുമെല്ലാം അദ്ദേഹം എടുത്തുപറഞ്ഞു.

FIPO സംസ്ഥാന പ്രസിഡന്റ് എസ് രാജേഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. മുൻ ഫാർമസി കൗൺസിൽ പ്രസിഡന്റ് കെ സി അജിത്കുമാർ ഫാർമസിസ്റ്റ് ദിന സന്ദേശം നൽകി. കെ എം ഇസ്ഹാഖ് (ഫാർമസി കൗൺസിൽ മുൻ വൈസ് പ്രസിഡന്റ്), എസ് വിജയകുമാർ (കെ ജി പി എ സംസ്ഥാന പ്രസിഡന്റ്), വിവിധ സംഘടനാ നേതാക്കളായ വി. തങ്കച്ചൻ, സാജു കുര്യാക്കോസ്, എസ് സുഗതൻ, എ ടി വർഗ്ഗീസ്, സൈമൺ ജോഷ്വാ, എം എസ് മനോജ് കുമാർ. വൈ എസ് ബിജു, പി അനികുമാരി, ഡി എൻ അനിത, അനൂജ എസ് നൂർ എന്നിവർ ആശംസകൾ നേർന്നു. ജനറൽ സെക്രട്ടറി എം കെ പ്രേമാനന്ദൻ സ്വാഗതവും ട്രഷറർ എം എം ഫൈസൽ നന്ദിയും പറഞ്ഞു.



# History of Global Pandemics Pre-20th Century


**Dr. Divine P Daniel**
RRM, Taluk Hospital
Nedungolam, Kollam




Globalisation of pandemics are centuries old phenomena. Major pandemics and epidemics like plague, cholera, flu, severe acute respiratory syndrome coronavirus (SARS-CoV) and Middle East respiratory syndrome coronavirus (MERS-CoV) have already afflicted humanity. Understanding the mode and mechanism of transmission of these pathogens helped as to develop public health measures such as isolation, quarantine and border control helped to contain the spread of infectious diseases and maintain the structure of the society even in the absence of any pharmaceutical interventions. It would be informative to learn about few such pandemics which raised challenges for human race during Pre $20^{th}$ Century.

**Athenian Plague**

Athenian plague is first historically documented plague occurred in 430–26 B.C. during the Peloponnesian War, fought between city-states of Athens and Sparta. This plagueoriginated in Ethiopia, and spread throughout Egypt and Greece. The symptoms included headache, conjunctivitis, a rash covering body and fever. The victims coughed blood and suffer from extremely painful stomach cramping followed by vomiting and spasm the infected persons may generally die by $7^{th}$ day. Survivors may suffer from partial paralysis, amnesia, or blindness for the rest of their lives.The despair caused by the plague within the city led the people to be indifferent to the laws of men and gods, and many casts themselves into self-indulgence. The plague claimed 25% of population of Athens, the exact reason for this plague is not yet identified.

**The Antonine Plague**

This outbreak is generally Known as the Antonine Plague of 165–180 AD and the physician documented about it was Galen, Hence also known as the Plague of Galen. This plague occurred in Roman empire, Asia Minor, Egypt, Greece and Italy and its cause is thought to be smallpox.The plague destroyed $1/3^{rd}$ of the roman population in some areas and

decimated the Roman Army and also took the life of ruler Marcus Aurelius himself.This plague had a great impact on weakening its military and economic supremacy, ancient roman traditions, leading to leading to a renewal of spirituality and religiousness, creating the conditions for spreading of new religions, and decline of Roman empire

**The Justinian Plague**

This was the “real plague” pandemic (i.e. cause was identified as Yersinia pestis). It was originated in mid sixth century AD either Ethiopia, moving through Egypt, or in the central Asian Steppes, from where it spread through trading routes. Hence its effect was very brutal in coastal trade Cities. military movements also contributed its spread from Asia minor to Africa and Italy and further western Europe,the Justinian epidemic is the earliest clearly documented example of the actual (bubonic) plague (by Procopius, John of Ephesus, and Evagrius).Many victims experienced hallucinations prior to the outbreak of illness and followed by other symptoms like fever, fatigue, buboes in groin area or armpits or beside ears. The infected usually die within days. The grave sites were beyond capacity and started piling in seashores for rotting . TheRoman emperor Justinian addressed this by digging huge pits and collecting corps there (around 70000 coprses each) this also overflowed. Bodies were then placed inside the towers in the walls causing a stench pervading entire city. Streets deserted, trade abandoned people died of starvation along with disease. After the initial outbreak in AD 541, repetitions of the plague established permanent cycles of infection. By 600, it is possible that the population of the Empire had been reduced by 40%. In the city of Constantinople itself, it is possible that this figure exceeded 50 %.

**The Black Death**

Black death was a global outbreak of bubonic plague that rooted in China in 1334, and transmitted to Europe in 1347 via Silk route. This pandemic reigned for 50 years and by 1400 and reduced global population from 450 million to 300 million, killing as many as 150 million. And wiped out 60% of European population itself.

The pandemic affected China, Central Asia, Northern India, Russia and middle east in its first wave which lasted for 5 years claiming 25 million lives. Mortality rate was 70-90% for untreated cases. Later use of antibiotics reduced it to 11%. This strain of Yersinia tends to infect and overflow the guts of oriental rat fleas (Xenopsyllacheopis) forcing them to regurgitate concentrated bacteria into the host while feeding.Such infected hosts then transmit the disease further and caninfect humans – bubonic plague.Humans can transmitthe disease by droplets, leading to pneumonic plague.



1. ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാർ നേരിടുന്ന വിവിധ വിഷയങ്ങൾ പരിഹരിച്ച് നൽകണം എന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവർക്ക് നിവേദനം നൽകി.

2. ഗസറ്റഡ് സ്റ്റോർ സൂപ്രണ്ടുമാരുടെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട് സ്ഥാനകയറ്റം ലഭിക്കുമ്പോൾ 28 A ചട്ടപ്രകാരം ആനുകൂല്യം ലഭ്യമാക്കി തരുന്നതിന് വേണ്ടി ആരോഗ്യ സെക്രട്ടറി, ധനകാര്യസെക്രട്ടറി എന്നിവർക്ക് നിവേദനം നൽകി.

4. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ ചർച്ചയിലെ തീരുമാന ങ്ങൾ നടപ്പിലാക്കിത്തരണമെന്ന ആവശ്യം ആരോഗ്യവകുപ്പ് ഡയറക്ടർ മുമ്പാകെ സമർപ്പി

5. സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ, സ്റ്റോഴ്സ് ഓഫീസർ തസ്തികകൾ അനുവദിച്ച് മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലെ ഫാർമസി, സ്റ്റോർ വിഭാഗത്തിന്റെ പ്രവർത്തനങ്ങളും പരിശോധനകളും കാര്യക്ഷമമായി നടത്തണം എന്നാവശ്യപ്പെട്ട് ആരോഗ്യമന്ത്രിക്ക് നിവേ ദനം നൽകി.

6. സർക്കാർ ദന്തൽ കോളേജുകളിൽ ഫാർമസി വിഭാഗം രൂപീകരിക്കണമെന്ന് ആവശ്യ പ്പെട്ട് ആരോഗ്യമന്ത്രിക്ക് നിവേദനം നൽകി.

7. 2023-24 വർഷത്തേക്കുള്ള മരുന്നുകളുടെ വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നതിന് ആവശ്യമായ സമയം അനുവദിക്കാത്തത് പരിഹരിക്കുന്നതിനുവേണ്ടി ആരോഗ്യമന്ത്രി KMSLL MD എന്നിവർക്ക് നിവേദനം നൽകി.

8. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൽ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ പിൻവലിച്ച് എല്ലാ സ്ഥാപനങ്ങളിലേക്കും അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ ഭേദഗതികൾ വരുത്തണം എന്നാവശ്യപ്പെട്ട് വകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകി.

9. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിലെ ഔഷധവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിക്ക് നിവേദനം നൽകി.

10. ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നേരിടുന്ന കടുത്ത ഔഷധ ദൗർലഭ്യ പരിഹരിച്ച് നൽകണം എന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് മന്ത്രി, KMSCL മാനേജിംഗ് ഡയറക്ടർ എന്നിവർക്ക് നിവേദനം നൽകി.

11. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഔഷധം സംഭരിച്ച് വിതരണം ചെയ്യുന്നതിന് ഫാർമസിസ്റ്റുകളെ ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ട് പാർലമെന്റിലെ ആരോഗ്യകാര്യങ്ങളുമായി ബന്ധപ്പെട്ട സ്ഥിരം അംഗം കൂടിയായ അടൂർ പ്രകാശ് എം.പിക്ക് നിവേദനം നൽകി.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് നിവേദനം:**

ഇ.എസ്.ഐ. ഡിപ്പാർട്ട്മെന്റിൽ സബ് സ്റ്റോറുകളെ റിജീയണൽ സ്റ്റോറുകളായി ഉയർത്തി ഫാർമസിസ്റ്റ് സ്റ്റോർ സൂപ്രണ്ട് തസ്തികകളും സംസ്ഥാനത്തെ ഇ.എസ്.ഐ. റഫറൽ ആശുപത്രികളിൽ സ്റ്റോർ കീപ്പർ തസ്തികകളും സൃഷ്ടിച്ച് മരുന്ന് സംഭരണ വിതരണം കൂടുതൽ കാര്യക്ഷമമാക്കണമെന്നാവശ്യപ്പെട്ട് KGPA സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ ഡയറക്ടർക്ക് നിവേദനം നൽകി.

KGPA സംസ്ഥാന പ്രസിഡന്റ് എസ്. വിജയകുമാർ, ഇ.എസ്.ഐ സ്റ്റോർ സൂപ്രണ്ട് മനോജ് KGPA തിരുവനന്തപുരം ജില്ലാ വൈസ് പ്രസിഡന്റ് അൻജന എന്നിവർ ഡയറ്കടറുമായി സംസാരിച്ചു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രൊജക്ട് മാർഗ്ഗരേഖയിൽ ഒ.പി സമയം ദീർഘിപ്പിക്കാൻ മാത്രമേ സ്റ്റാഫിനെ നിയമിക്കാവൂ എന്ന പരാമർശവും മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന പരാമർശവും ഒഴിവാക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി ശ്രീ.എം.വി ഗോവിന്ദന് കേരളാ ഗവ: ഫാർമസിസ്റ്റ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി 13.8.22 ന് മന്ത്രിയുടെ വീട്ടിൽ പോയി കണ്ട് നിവേദനം നൽകി. സംസ്ഥാന സെക്രട്ടറി കെ. സരസ്വതി, സംസ്ഥാന സിക്രട്ടേറിയറ്റ് മെമ്പർ സി.കെ നന്ദനൻ, സംസ്ഥാന കമ്മിറ്റി മെമ്പർ പി. വിനോദ് കുമാർ, ജില്ലാ ട്രഷറർ ശ്രീ. വി. വിജു, ജില്ലാകമ്മിറ്റി അംഗം എം. പ്രിയ, മഞ്ജുലത എന്നിവരാണ് മന്ത്രിയുടെ വീട്ടിൽ പോയി അദ്ദേഹത്തെ കണ്ടത്.

## ലോകസഭ മെമ്പർ ശ്രീ. അടൂർ പ്രകാശിന് നല്കിയ നിവേദനം

To

Sri. Adoor Prakash
Member of Parliament (Lok Sabha)

Sir,

**Sub: Including Pharmacists in National Health programmes - reg**

At the behest of the Central Government various National Programmes such as Non Communicable diseases programme, National Mental Health Programme etc are run in all states across the country wherein stocking hundreds of medicines worth crores of rupees are provided to the patients.

According to existing legal provisions in our country, a professionally qualified registered pharmacist is essential to handle and dispense medicines. Only a Registered Pharmacist is allowed to dispense medicines by law.

Right medicine to the Right patient in the Right dose at Right time through Right route with proper directions of use is very essential for the health of the patients.

But unfortunately there is no provision to include pharmacists in any of the above mentioned National health programmes. Only Doctors, Nurses, ANM'S and Data entry operators are entitled to wages under this scheme. In hiring temporary staff through National Health Mission , the appointment of pharmacists are given the least priority and consideration. In order to strengthen various National programmes under Health sector, the Pharmacist is as important as a Doctor and a Nurse.

According to the existing Pharmacy act 1948 in the country, only a registered pharmacist can dispense medicines. Unqualified persons (other than registered pharmacists) if indulge in dispensing of medicines, it is an offense punishable by imprisonment and fine under section 42 of pharmacy act 1948. Exception to this is that only a Doctor can dispense medicine directly to their own patient. (copy attached)

Doctors, Nurses and Pharmacists are professionally qualified in their own spheres and have different curriculum for study and training. Any of the categories cannot be substituted for others. It is unscientific and illegal to entrust the duty of pharmacist (dispensing of medicine) to other unqualified persons that may cause harm and danger to the life of the patient.

A Pharmacist is scientifically trained in the Production and manufacturing of medicines, quality assurance , proper storage of medicines, proper and scientific dispensing of medicines to the patient, proper usage of medicines with patient counselling, their side effects etc. The 2015 Pharmacy Practice Regulation, which is approved by the Central Government itself, clearly outlines the procedures to be followed while dispensing medicines (copy attached).

Medications that need to be handled with great care and attention are dispensed in various National Health programmes of the Central Government like National Mental Health programme, Non Communicable disease programme etc. Even a small mistake can put the life of patient at risk.

Hence the Post of Pharmacist, that is most essential for safe use of medication may be included in all the National Health Programmes by the Central Government.

### തിരുവനന്തപുരം

കെ.ജി.പി.എ. തിരുവനന്തപുരം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ 2022 ഡിസംബർ 24ന് തിരുവനന്തപുരം ദന്തൽ കോളേജിൽ അസി. ഡ്രഗ് കൺട്രോളർ റിപ്പോർട്ട് സമർപ്പിച്ചിട്ടും താല്ക്കാലികമായെങ്കിലും 2 ഫാർമസിസ്റ്റുകളെ നിയമിക്കുവാനുള്ള നടപടികൾ വൈകുന്നതിൽ പ്രതിഷേധമറിയിച്ച് ദന്തൽ കോളേജ് പ്രിൻസിപ്പലിന് പ്രക്ഷോഭ പരിപാടികൾ തുടങ്ങുമെന്നറിയിച്ചുകൊണ്ടുള്ള നിവേദനം സമർപ്പിക്കുകയുണ്ടായി.

പുതുതായി വന്ന പ്രിൻസിപ്പൽ ബീന മാഡം നമ്മുടെ ആവശ്യകത സഹർഷം സ്വാഗതം ചെയ്യുകയും നടപ്പിൽ വരുത്തേണ്ട മാർഗ്ഗങ്ങളെക്കുറിച്ചാരായുകയും, വിശദമായ ചർച്ചകൾക്കൊടുവിൽ നമുക്ക് പുതുവർഷ പിറവിയിൽ താല്ക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ തിരുവനന്തപുരം ദന്തൽ കോളേജിൽ ഫാർമസിസ്റ്റിനെ പ്രതീക്ഷിക്കാം എന്ന ഒരുറപ്പ് ലഭിച്ചിരിക്കുന്നു.

### എറണാകുളം

കേരള ഗവ ഫർമസിസ്റ് അസോസിയേഷൻ എറണാകുളം ജില്ലാ കമ്മിറ്റിയും മുവാറ്റുപുഴ ജനറൽ ആശുപത്രി ഫർമസി വിഭാഗവും സംയുക്തമായി ആശുപത്രിയിൽ ഫർമസിസ്റ് ദിനാചരണം നടത്തി.

ആശുപത്രി സുപ്രണ്ട് ഡോ അനിത ബാബു ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കെ.ജി.എം.ഒ.എ. ജില്ലാ പ്രസിഡന്റ് ഡോ. എ ബി വിൻസെന്റ് ഫർമസിസ്റ്റ് ദിന സന്ദേശം നൽകി.

തുടർന്ന് നടന്ന ബോധവത്കരണ ക്ലാസിൽ ജീവിത ശൈലി രോഗങ്ങളും മരുന്ന് ഉപയോഗവും എന്ന വിഷയത്തിൽ നിർമല കോളേജ് ഓഫ് ഫർമസി, അസോസിയേറ്റ് പ്രൊഫ ഡോ. ഫെൽസ് സാജു സംസാരിച്ചു.

കെ.ജി.പി.എ ജില്ലാ പ്രസിഡന്റ് കെ പി സജീർ അധ്യക്ഷത വഹിച്ച യോഗത്തിൽ സ്റ്റോർ സുപ്രണ്ട് ഷീബ. ആർ, ബിന്ദു, സജീന അൽത്താഫ്, സുരേഷ് എം എന്നിവർ സംസാരിച്ചു.

### കണ്ണൂർ

ഫാർമസി വാരാചരണവുമായി ബന്ധപ്പെട്ട് കെ.ജി.പി.എ. കണ്ണൂർ ജില്ലാ കമ്മിറ്റി 24.11.22 ന് ഉച്ചക്ക് 3 മണിക്ക് കണ്ണൂർ നഗരത്തിൽ ഫാർമ റാലിയും തുടർന്ന് പൊതുയോഗവും സംഘടിപ്പിച്ചു. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ നടന്ന റാലിക്ക് ശേഷം പൊതുയോഗം FI PO സെകട്ടറി തങ്കച്ചൻ വി ഉദ്ഘാടനം നടത്തി സംസാരിച്ചു. ജില്ലാ ADC ഫാർമസി വാര സന്ദേശം നൽകുകയുണ്ടായി. തുടർന്ന് മുൻ കേരള ഫാർമസി കൗൺസിൽ പ്രസിഡണ്ട് അജിത് കുമാർ കെ.സി, സംസ്ഥാന സെക്രട്ടറി സരസ്വതി എന്നിവർ ആശംസാ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡണ്ട് എം. രമേശന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി ജയദേവൻ എ. കെ സ്വാഗതവും ജില്ലാ വൈസ് പ്രസിഡണ്ട് സാബു എൽ ആർ നന്ദിയും പറഞ്ഞു.





**ഇ.വി. രാജേന്ദ്രൻ**
മുൻ ജനറൽ സെക്രട്ടറി



# കെ.പി. വർക്കി
## സമാരാധ്യനായ നേതാവ്

കേരളത്തിലെ ഗവ. ഫാർമസിസ്റ്റുകൾ എക്കാലവും ആദരവോടും അഭിമാനത്തോടും ഓർമ്മിക്കേണ്ട നേതാക്കളിൽ പ്രധാനിയാണ് ശ്രീ. കെ.പി. വർക്കി. നമ്മുടെ സംഘടനയെ ഒരു പതിറ്റാണ്ടിലധികം ദീർഘവീക്ഷണത്തോടെ നയിച്ച്, കേരളത്തിന്റെ സർവ്വീസ് സംഘടനാ ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടിത്തന്ന അസാമാന്യപ്രതിഭാശാലിയായ ജനറൽ സെക്രട്ടറിയായിരുന്നു വർക്കി സർ.

1963-ൽ ഔദ്യോഗികവൃത്തി ആരംഭിച്ചി 'വർക്കിക്കുഞ്ഞ്' മാതൃകാപരമായ പ്രവർത്തനശൈലിയിലൂടെ ശ്രദ്ധേയനാകുകയും, 1964 ൽ കോഴിക്കോടു വച്ച് നടന്ന വാർഷിക സമ്മേളനത്തിൽ സംഘടനയുടെ ജോയന്റ് ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ദക്ഷിണമേഖലയുടെ ചുമതലയായിരുന്നു വർക്കിസാറിന്. ചുരുങ്ങിയ കാലം കൊണ്ട് തന്റെ ചടുലമായ പ്രവർത്തനശൈലിയിലൂടെ സംഘടനാ പ്രവർത്തനത്തിന് ഒരു പുതിയ സമവാക്യം സൃഷ്ടിക്കുകയായിരുന്നു അദ്ദേഹം.

1970 മാർച്ചിൽ കോട്ടയത്തുവച്ച് മുൻ ആരോഗ്യമന്ത്രി എം.പി. ഗോവിന്ദൻ നായരുടെ അദ്ധ്യക്ഷതയിൽ അന്നത്തെ ആരോഗ്യവകുപ്പു മന്ത്രിയായിരുന്ന കെ.എം. ജോർജ് ഉദ്ഘാടനം ചെയ്ത വാർഷിക സമ്മേളനമാണ് വർക്കിസാറിനെ ആദ്യമായി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തത്. പരേതനായ പി.ജി. വാസുദേവൻ നായരായിരുന്നു വൈസ് പ്രസിഡന്റ്.

ഈ കാലഘട്ടം സംഘടനയുടെ സുവർണ്ണ കാലമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നര മാസത്തിനകം തിരുവനന്തപുരം ജില്ലയിലൊഴികെ മുഴുവൻ സ്ഥാപനങ്ങളും സന്ദർശിച്ച് ഫാർമസിസ്റ്റുമാരെ നേരിൽക്കണ്ട് സംഘടന ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താനും അണികളിലേക്ക് ആവേശം പകരാനും വർക്കി സാറിന് കഴിഞ്ഞു. വളരെപ്പെട്ടെന്നു തന്നെ മുപ്പതോളം ബ്രാഞ്ച് കമ്മറ്റികൾ നിലവിൽ വന്നു. ജില്ലകളിൽ യുവനേതൃത്വം രൂപപ്പെട്ടു. സംഘടനയ്ക്ക് സമഗ്രമായൊരു ഭരണഘടനയും എംബ്ലവും പതാകയും തയ്യാറാക്കിയത് ഈ കാലഘട്ടത്തിലാണ്.

ഇതിനിടയിൽ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി സമരങ്ങളുടെ പരമ്പരതന്നെയായിരുന്നു വർക്കി സാറിന്റെ നേതൃത്വത്തിൽ ആരംഭിച്ചത്. പൊതുജനാരോഗ്യരംഗത്തു ഫാർമസി മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ നിയമസഭാ സാമാജികരെയും മന്ത്രിമാരെയും ബോദ്ധ്യപ്പെടുത്തുന്നതിനോടൊപ്പം ജനകീയ പ്രസ്ഥാനങ്ങളുടെ പിൻതുണ ഉറപ്പാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. തുടർന്ന് 1970 ജൂൺ 30 ന് ആരോഗ്യ വകുപ്പു ഡയറക്ടറേറ്റിനു മുന്നിലും ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസുകൾ കേന്ദ്രീകരിച്ചും ഫാർമസിസ്റ്റുമാർ നടത്തിയ സൂചന സത്യാഗ്രഹത്തിൽ അഭൂതപൂർവ്വമായ പങ്കാത്തിമായിരുന്നു കേരളം കണ്ടത്. ഇതിനോടനുബന്ധിച്ചു ജനറൽ സെക്രട്ടറി നടത്തിയ പത്രസമ്മേളനം പ്രധാനപത്രങ്ങൾ മുൻപേജിലാണ് പ്രസിദ്ധീകരിച്ചത്.

ഈ സമരത്തെ തുടർന്നാണ് താലൂക്ക് ആശുപത്രികളിലും മറ്റു മേജർ ആശുപത്രികളിലുമായി

83 ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുത്തരവായത്. ഒന്നാം അച്യുത മേനോൻ മന്ത്രിസഭയിൽ ആരോഗ്യമന്ത്രിയായിരുന്ന കെ.എം. ജോർജ്ജിന്റെ കർശനമായ നിലപാടുക ളാണ് ഈ നേട്ടത്തിനു കളമൊരുക്കിയത്.

1971 മേയ് 16-ന് എറണാകുളത്തു ചേർന്ന സംസ്ഥാന സമ്മേളനത്തിൽ വീണ്ടും വർക്കിസാർ ജനറൽ സെക്രട്ടറിയായി. അന്നത്തെ യൂണിഫോ മായിരുന്ന ആപ്രൺ മാറ്റി കിട്ടുന്നതിനുവേണ്ടി ആരോഗ്യമന്ത്രി എൻ.കെ. ബാലകൃഷ്ണന്റെ ഔദ്യോഗിക വസതിക്കു മുന്നിൽ നടത്തിയ സത്യാ ഗ്രഹ സമരം മുൻ ആരോഗ്യമന്ത്രി കെ.എ. ജോർജ്ജ് സാറിന്റെ ഇടപെടലിനെ തുടർന്ന് ഒത്തുതീർപ്പാവു കയും, ഇന്നു നിലവിലുള്ള യൂണിഫോം അംഗീക രിച്ച് ഉത്തരവാകുകയും ചെയ്തു. കെ. ഗോപിനഥൻ, എം.എൻ.വിജി. അടിയോടി, കെ. വരദരാജൻ, ഇ. കെ. ശങ്കരനാരായണൻ, കെ.എൻ. സത്യപാലൻ, കെ. കൃഷ്ണൻ, പി.എൻ. മുഹമ്മദ്, ജമാൽ എട ക്കുന്ന തുടങ്ങിയ യുവനേതാക്കളെ മുൻനിർത്തി വർക്കി സാറിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഒട്ടനവധി നേട്ടങ്ങൾക്കു കാരണ മായി. ക്ലറിക്കൽ അലവൻസ് വർദ്ധിപ്പിക്കുന്നതിനും ടി.ബി. ക്ലിനിക്കുകളിൽ ജോലി ചെയ്യുന്ന ഫാർമസി സ്റ്റുമാർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്ന തിനും അന്യായമായ സ്ഥലം മാറ്റങ്ങൾ, നിയമവി രുദ്ധമായ പിരിച്ചുവിടൽ തുടങ്ങി ഫാർമസിസ്റ്റുമാ രുടെ അടിമത്ത സമാനമായ ജീവിതത്തിന് അറുതി വരുത്തുന്നതിനും സംഘടനയ്ക്കു കഴിഞ്ഞു.

1970 വരെ ആരോഗ്യവകുപ്പു ഡയറക്ടറേറ്റിൽ സ്റ്റോർസ് ഓഫീസർ (ജി.എം.എസ്) ആയി നിയമി ച്ചിരുന്നത് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിൽ നിന്നു ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലായിരുന്നു. ഇതി നെതിരെ ശക്തമായ നിലപാടെടുക്കുകയും പ്രസ്തുത തസ്തിക ഫാർമസിസ്റ്റുമാരുടെ പ്രൊമോ ഷൻ തസ്തികയാണെന്നു സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാനും കഴിഞ്ഞത് വർക്കിസാറിന്റെ തന്ത്രപരവും സമയോചിതവുമായ ഇടപെടലായി രുന്നു.

സംഘടന നടത്തിയ ഒട്ടേറെ സമരപരിപാടി കൾക്കൊടുവിലാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡി. ഫാം കോഴ്സും (1967), തിരുവന ന്തപുരം മെഡിക്കൽ കോളേജിൽ ബി. ഫാം കോഴ്സും (1970) ആരംഭിച്ചത്. ഈ ആവശ്യം അന്ന് ഇന്ത്യൻ പാർലമെന്റിൽ സംഘടനയ്ക്കു വേണ്ടി ഉന്നയിച്ചത് രാജ്യം ഇന്നും ആദരവോടെ സ്മരി ക്കുന്ന ജനനായകൻ സ. എ.കെ.ജി.യായിരുന്നു എന്നത് നമുക്കേവർക്കും അഭിമാനിക്കാവുന്ന ഒന്നാ ണ്. എറണാകുളം ജില്ലയിൽ നിന്നുള്ള എ.പി. റാവു, ജി. പ്രഭാകരൻ നായർ എന്നിവരായിരുന്നു ഈ നേട്ട ത്തിന് പിന്നിൽ.

എ.ഡി.പി.െസ്. സ്റ്റോർ വെരിഫിക്കേഷൻ ടീം തുടങ്ങി ഒട്ടനവധി പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിൽ സുപ്രധാന തുടക്കം കുറിച്ച് 1983 ൽ സ്വയം വിരമിക്കലിന് അപേക്ഷ നൽകി മുഴുവൻ സമയപൊതുപ്രവർത്തകനായ വർക്കി സാർ എറ ണാകുളം ജില്ലയിലെ കോതമംഗലത്തിനടുത്തുള്ള കീരമ്പാറ സർവ്വീസ് സഹകരണ ബാങ്കിന്റെയും പിന്നീട് ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചു.

തന്റെ ശക്തമായ രാഷ്ട്രീയ ബന്ധങ്ങൾ ഫാർമസി മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തിയ മറ്റൊരു നേതാവ് സംഘടനയ്ക്കുണ്ടായിട്ടില്ല. ആരോഗ്യമന്ത്രിയായി രുന്ന എം.പി. ഗോവിന്ദൻ നായർ, ബി. വെല്ലിംഗ് ടൺ, കെ.എം. ജോർജ്ജ്. എൻ.കെ. ബാലകൃ ഷ്ണൻ, കെ.ജി.ആർ കർത്താ, ധനകാര്യമന്ത്രി കെ. എം. മാണി തുടങ്ങി കക്ഷി രാഷ്ട്രീയത്തിനതീത മായ സുഹൃത് വലയമായിരുന്നു വർക്കി സാറിനു ണ്ടായിരുന്നത്.

ആരോഗ്യവകുപ്പിൽ നിന്ന് സ്റ്റോർ സൂപ്ര ണ്ടായി വിരമിച്ച പരേതയായ മേഴ്സി വർക്കിയായി രുന്നു ഭാര്യ.

ഇപ്പോഴും ഉറച്ച ചിന്തകളും ദൃഢമായ കാൽവയ്പ്പുകളുമായി നിരാശ്രയർക്കു വേണ്ടി സ്വന്തം നാട്ടിൽ പ്രവർത്തന നിരതനാണ് നമ്മുടെ വർക്കി സാർ.




# DHS ധർണ



**മനോജ് എം.കെ.**
സ്റ്റേറ്റ് ട്രഷറർ

ആയിരക്കണക്കിന് ഫാർമസിസ്റ്റുകൾ തൊഴിൽതേടി അലയുന്ന ഇന്ത്യൻ സാമൂഹിക വ്യവസ്ഥയിൽ ഫാർമസി നിയമങ്ങളെ നോക്കുകുത്തിയാക്കി നിലനിർത്തിക്കൊണ്ട് മറ്റു കാറ്റഗറികൾ മുഖേന മരുന്നുവിതരണം നടത്താം എന്ന ചിന്തയുമായി ആരോഗ്യമേഖലയിലെ നൂതനപദ്ധതികൾ വിഭാവനം ചെയ്യുന്ന ഒരു സമയത്താണ് KGPA അതിനെതിരെ വലിയ പ്രക്ഷോഭം സംഘടിപ്പിക്കാൻ ശ്രമിച്ചത്.

2023 ജനുവരി 28 ന് രാവിലെ ആരോഗ്യ ഡയറക്ടർ കാര്യാലയത്തിന് മുന്നിൽ കേരളത്തിലെ ഗവ. മേഖലയിലെ ഫാർമസിസ്റ്റുകൾ ഒത്തുകൂടി ധർണ നടത്തി. 400 ഓളം പേർ കേരളത്തിലെ തെക്കുനിന്ന് മുതൽ വടക്ക് വരെ ധർണ്ണയുടെ ഭാഗമായി. മുൻ ആരോഗ്യമന്ത്രി അടൂർ പ്രകാശാണ് ധർണ്ണ ഉദ്ഘാടനം ചെയ്തത്. KGPA യെ കൂടാതെ, FIPO, SPO, ഫാർമഫെഡ്, ARPS, റാങ്ക് ഹോൾഡേഴ്സ് നേതാക്കന്മാർ തുടങ്ങിയവർ ധർണ്ണയെ അഭിസംബോധന ചെയ്തു.

സബ്സെന്ററുകൾ കേന്ദ്രീകരിച്ച് മരുന്ന് വിതരണം നടത്തുക എന്ന പദ്ധതി NHM വഴി സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. ശാക്തീകരിക്കപ്പെട്ട സബ് സെന്ററുകളിൽ MLSP വിഭാഗം നേഴ്സുമാരെ നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി അവർ ആരോഗ്യവകുപ്പിൽ കൃത്യമായ ജോലി പറയാതെ സേവനം ചെയ്യുകയാണ്. ലക്ഷക്കണക്കിന് രൂപ അതിനായി NHM ചെലവിട്ടിരിക്കുന്നു. മരുന്നുകൾ വിതരണം ചെയ്യുന്നതിന് പക്ഷെ ക്വാളിഫൈഡ് ആയ ഒരാളെ നിയമിക്കാൻ മാത്രം NHM ന് ഫണ്ട് ഇല്ലാതെ പോവുന്നു.

ഒരു സമൂഹത്തിൽ ഇംഗ്ലീഷ് മരുന്നുകളുടെ ഉപയോഗം, വിതരണം എന്നിവ കുറ്റമറ്റ സംവിധാനം വഴി നടത്തി രോഗശമനം വരുത്തുന്ന എന്ന കാഴ്ചപ്പാടിന് അപ്പുറം മുറിവൈദ്യരെ വെച്ച് ചികിത്സ ഉറപ്പിക്കുന്ന ഇത്തരം പരിഷ്കാരങ്ങൾ നമ്മെ പുറകോട്ട് നടത്താൻ മാത്രമെ സഹായിക്കൂ; കേരളത്തിലെ രോഗികളുടെ അടിസ്ഥാന അവകാശങ്ങൾക്ക് നേരെ വെല്ലുവിളി ഉയർത്തുന്ന ഇത്തരം ഉത്തരവുകൾ നിയമപരമായും നിലനിൽക്കുന്നതല്ല.

ധർണ്ണയുടെ മുദ്രാവാക്യങ്ങളിൽ - അവകാശങ്ങളിൽ ഇതുമാത്രമായിരുന്നില്ല ആവശ്യം. DMHP, വയോമിത്രം പരിപാടികളിലും, ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പുവരുത്തണം. ഫാർമസിസ്റ്റുകളുടെ പ്രതിമാസ അവലോകന യോഗങ്ങൾ പുനഃസ്ഥാപിക്കുക, KMSCL വഴി ലഭിക്കുന്ന മരുന്നുകളുടെ ലഭ്യതയും, ഗുണനിലവാരവും ഉറപ്പുവരുത്തുക, ഫാർമസിസ്റ്റുകളുടെ സ്പെഷ്യൽ റൂൾസ്, ഡ്യൂട്ടീസ് & റെസ്പോൺസബിലിറ്റീസ് എന്നിവ നടപ്പിലാക്കുക, LSGDm NHM വഴിയുള്ള ഫാർമസിസ്റ്റുകളുടെ വേതനം പുതുക്കി നിശ്ചയിക്കുക തുടങ്ങിയവയും, സംഘടന ധർണ്ണയുടെ ആധാരവിഷയമാക്കിയിരുന്നു.



**സജീർ കെ പി**
FHC, നേര്യമംഗലം

# വെളിപാട്

(കേൾവി ദിനത്തോടനുബന്ധിച്ചു ആരോഗ്യ പ്രവർത്തകർക്കിടയിൽ നടത്തിയ കഥാ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ കഥ)



എല്ലാ പൊതുപ്രവർത്തകർക്കുമുണ്ടാകും ഇത്തരം ചില നിമിഷങ്ങൾ.

യോഗങ്ങളും ഉദ്ഘടനങ്ങളും പ്രസംഗങ്ങളും മാത്രമേ പൊതുസമൂഹം കാണാറുള്ളൂ. അതിനിടയിൽ ഉള്ളു തൊടുന്ന ഒരു വിതുമ്പൽ എപ്പോഴെങ്കിലുമൊക്കെ മനസിലേക്ക് പാറി വീഴും.

അത്തരം തീപൊരികളുടെ പൊള്ളൽ അയാൾക്കും ഉണ്ടായിട്ടുണ്ട്.

തന്റെ നാട്ടിലെ അംഗനവാടി ടീച്ചറുടെ സ്ഥലംമാറ്റ ചടങ്ങിനെത്തിയതായിരുന്നു അയാൾ.

പൂക്കൾ പോലെ കുട്ടികൾ.

അവർ തൊടുകയും ഓടുകയും ചെയ്തു.

അയാൾക്ക് തോന്നി, അവരുടെ കലഹം പോലും ഒരു കളിയാണ്.

പെട്ടെന്നാണ് നന്ദുവിനെ അയാൾ കണ്ടത്.

ശബ്ദങ്ങളുടെ ലോകം അന്യമായ ഒരു കുട്ടി.

മുട്ടോളം കുപ്പിവളകളിട്ട അവൾ ആ മരത്തിൽ മുഖംപൊത്തി സാറ്റ് കളിക്കുന്നു.

ആ കാഴ്ച കണ്ടപ്പോൾ, ഏതോ അടഞ്ഞ വാതിലിനു മുന്നിൽ അവൾ മുട്ടുകയാണെന്ന് അയാൾക്ക് തോന്നി.

ദൈവമേ,

സ്പർശം പോലെ ദൃശ്യം പോലെ ശബ്ദവും ഒരു വാതിൽ ആണല്ലോ

പഞ്ചേന്ദ്ര്യങ്ങളുടെ വാതിൽ.

ആ വാതിലടഞ്ഞു പോയവന്റെ ലോകമാണ് എന്റെ മുന്നിൽ മുഖം പൊത്തി കളിക്കുന്ന നന്ദുവിന്.

മൗനത്തിന്റെ ഭാഷയാണ് നന്ദു.

പൊതുപ്രവർത്തകന്റെ ജീവിതത്തിൽ പായുകയാണ് ദിവസങ്ങൾ.

വേഗം മറിയുന്ന കലണ്ടറുകൾ.

അയാൾ ആ കുട്ടിയെ മറക്കുകയും ഓർക്കുകയും ചെയ്ത് കൊണ്ടിരുന്നു.

ഗ്രാമസഭയും വർക്കിങ് കമ്മിറ്റിയും വികസന സെമിനാറുമായി അയാൾ ഒഴുകികൊണ്ടിരുന്നു.

പക്ഷേ ഒരു മൈതാന പ്രസംഗത്തിന്നും വഴങ്ങാതെ നന്ദുവിന്റെ ലോകം അയാളെ അലട്ടി കൊണ്ടിരുന്നു.

അവളാകട്ടെ ദിനേനയെന്നോണം അയാളുടെ മുന്നിൽ വന്നു പെടുകയും ചെയ്തു.

നന്ദു അയാളെ അലട്ടുകയല്ല, അറസ്റ്റ് ചെയ്യുകയാണ്.

നന്ദു പാല് വാങ്ങാൻ പോകുന്നതും പൂ പറിക്കാൻ പോകുന്നതും പ്രാർത്ഥിക്കാൻ പോകുന്നതും ഒക്കെയായി നന്ദുവിന്റെ ശബ്ദങ്ങളില്ലാത്ത ദൃശ്യപ്രപഞ്ചം അയാളിൽ നിറഞ്ഞു.

താനിത്രയും സെന്റിമെന്റൽ ആകരുത്, അയാൾ സ്വയം പറഞ്ഞു.

ദിവസങ്ങൾ കഴിഞ്ഞ് പത്രത്തിൽ നഗരത്തിലെ ഒരു കൺവെൻഷൻ സെന്ററിൽ ധ്യാനപ്രദർശനം നടക്കുന്നുവെന്ന നാല് കോളം വാർത്തക്കു കീഴെയാണ് അയാൾ ആ ഒറ്റക്കോളം വാർത്ത ശ്രദ്ധിച്ചത്.

'കേൾവി ശക്തിയില്ലാത്ത കുഞ്ഞുങ്ങൾക്കായി കോക്ലിയർ ഇമ്പ്ലാന്റ് ശാസ്ത്രക്രിയ'

സർക്കാരും പ്രത്യാശ എന്ന സന്നദ്ധ സംഘടനയും ചേർന്നു നടത്തുന്ന പരിപാടി.

അയാൾ നന്ദുവിനെ ഓർത്തു.

സങ്കീർണമായിരുന്നു നടപടിക്രമങ്ങൾ.

അല്ലെങ്കിലും അതങ്ങനെയാണല്ലോ.

പലവട്ടം അയാൾ നന്ദുവിനെയുമായി കളക്ടറേറ്റിലെത്തി.

അവിടുത്തെ പൊടിപിടിച്ച കോണിപ്പടിയിൽ കുട്ടിയുടെ വിയർപ്പിറ്റിയ വിരലുകൾ തൊട്ടു.

പൊതുജീവിതത്തിന്റെ അർത്ഥവും ആനന്ദവും അനുഭവിക്കുകയായിരുന്നു അയാളപ്പോൾ.

മുപ്പതോളം കുരുന്നുകളോടൊപ്പം നന്ദുവിന്റെ ശാസ്ത്രക്രിയ വിജയകരമായി നടന്നു.

കുഞ്ഞി കമ്മലിട്ട നന്ദുവിന്റെ കാതിലൂടെ ശബ്ദതാരംഗങ്ങൾ കയറി ഇറങ്ങി.

അവൾ പറയാനും പാടാനും തുടങ്ങി.

വൈകാതെ ശാസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ സംഗമം ദർബർ ഹാളിലോരുക്കി.

ഹാളിന്റെ മുറ്റത്ത് അവൾ കളിച്ചുകൊണ്ടിരിക്കെയാണ് യോഗനടപടികൾ തുടങ്ങിയതായി അറിയിപ്പ് കിട്ടിയത്.

എന്തുകൊണ്ടോ എമണ്ടൻ പ്രസംഗങ്ങൾ ആരും നടത്തിയില്ല.

പ്രർത്ഥന ചൊല്ലിയത് നന്ദുവാണ്.

'ലോകം മുഴുവൻ സുഖം പകരാനായി സ്നേഹ ദീപമേ മിഴിതുറക്കൂ '

ആ വരികളിൽ സദസ്സ് നനഞ്ഞു.

തലസ്ഥാനത്തെ വികസന പദ്ധതികളുടെ ബജറ്റ് സാഹിത്യങ്ങൾ പോലും നന്ദുവിന്റെ ഒച്ചയിൽ ഉലഞ്ഞു കാണണം.

അത് വെളിപാടായിരുന്നു.

ഒച്ചയില്ലാത്തവരുടെ വെളിപാട്.


Phone : (O) 0491-2525571
Jacob: 9400625571, 7902910261
Jenu : 9142525615, 7025988844

Excel ENTERPRISES

DEALERS IN SURGICALS, SCIENTIFIC & LABORATORY ITEMS

24/580, SHORNUR ROAD, CHAKKANTHARA, PALAKKAD - 678 006.

E-mail: jacobex155@gmail.com, jenuvp@gmail.com



# ഓർമ്മകൾ



**ശ്രീലേഷ് പി.**
ESI ഡിസ്പെൻസറി, ചെറുവണ്ണൂർ

മഴ കാത്ത് നിന്നൊരു ബാല്യത്തിൻ ഓർമ്മകൾ -
മഴയായ് പെയ്യുന്നു മനസ്സിന്റെ ഭിത്തിയിൽ
മഴ തൻ ചുംബന മേൽക്കുവാൻ
വയലിന്റെ വഴികളിൽ
വെറുതെ വിലസിയോ രോർമകൾ ..
ഹൃദയത്തിൽ പാതിയും പകുത്തൊരു കൂട്ടുകാർ ...
മധുരിക്കും മാമ്പഴമാകെയുമേകിയ
നിറമുള്ള നിനവിന്റെ നാളുകൾ..
പൂക്കളമൊരുക്കുവാനൊന്നിച്ച്
പൂക്കൾക്കായി പരതിയ ;
വർണ്ണങ്ങൾ വിതറിയ കാലം.
മഞ്ചാടിമണികളെ മനസ്സിൽ
മാണിക്യ കല്ലാക്കി ചെപ്പിലൊളിപ്പിച്ച
പീലികൾ താളിൽ മറച്ചൊരു കാലം.
വീചിയെ വെല്ലുവാൻ ...
വിരലിന്റെ വീതിയിൽ
ചോതിയെന്നെഴുതിയോരോർമകൾ
കാലത്തിൻ കരവിരുതിനാൽ
കവർന്നെടുക്കുമെൻ കവിതയും
ഓർമയായി മാറും; നാളെയോരോർമ്മ

# സ്വപ്നം



**സംഗീത രാജേഷ്**
മെഡിക്കൽ കോളേജ്
ഹോസ്പിറ്റൽ ആലപ്പുഴ

മൃദുമന്ദഹാസത്തിൻ സൗരഭ്യവുമായി
അരികിലായെത്തിയ സുന്ദര സ്വപ്നമേ...
എന്ത് പേരിട്ടു ഞാൻ നിന്നെ വിളിക്കേണ്ടു
അറിയില്ല എന്നിലെ മോഹന സ്വപ്നമേ...

മനസിൻ അഗാധ തലങ്ങളിൽ ഞാൻ കണ്ട
പുഞ്ചിരി പൈതലോ നീ പ്രിയ സ്വപ്നമേ...
ഒരു വേള എന്നിൽ നിന്നോടി മറഞ്ഞൊരു
കൗമാര കാലമോ നീ ദുഖ സ്വപ്നമേ...

ആകാശ ഗോപുരം കീഴടക്കാനായി
വെമ്പുമെൻ ഹൃദയമോ നീ വർണ്ണ സ്വപ്നമേ...
പാദങ്ങളിൽ തീർത്ത ചങ്ങല കെട്ടുകൾ
ഭേദിക്കാൻ വന്നതോ സങ്കല്പ സ്വപ്നമേ...

ഈ ലോക ജീവിത യാത്രയിൽ ഞാൻ കണ്ട
മോഹങ്ങളാണ് നീ മധുരമാം സ്വപ്നമേ...
നിന്നെ അടക്കിയെൻ നെഞ്ചോടു ചേർക്കുവാൻ
ഏറെ കൊതിക്കുന്നു സാന്ത്വന സ്വപ്നമേ...

എന്നെ പിരിയാതെ കൂടെ  നടക്കുമോ
വീഴാതെ കാക്കുമോ നിഴലാകും സ്വപ്നമേ...
എന്റെ സ്വപ്നങ്ങൾക്ക് വർണ്ണച്ചിറകേകി
കൂടെ പറക്കുമോ ശലഭമായ് സ്വപ്നമേ...





എം.എൻ.വി.ജി. അടിയോടി അനുസ്മരണ ദിനം - പന്തീരാങ്കാവ്, കോഴിക്കോട്



ഫാർമസി ഭവൻ മുൻ പ്രസിഡന്റ് ടി.വി. പ്രദീപ് കുമാർ
നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു



DHS ധർണ്ണയെ സംസ്ഥാന നേതാക്കൾ
അഭിസംബോധന ചെയ്യുന്നു




നേതൃത്വ പരിശീലന ക്യാമ്പ്, കുമിളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഷാജിമോൻ ഉദ്ഘാടനം ചെയ്യുന്നു

# DHS ധർണ




DHS ധർണ്ണ ശ്രീ. അടൂർ പ്രകാശ് MP
ഉദ്ഘാടനം ചെയ്യുന്നു.




ലോക ഫാർമസിസ്റ്റ് ദിനാചരണം, തൃശൂരിൽ
ശ്രീ. പി. ബാലചന്ദ്രൻ MLA ഉദ്ഘാടനം ചെയ്യുന്നു

Printed and Published by : M S Manoj Kumar, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837